10
4

# ധീരനായ ധന്യനായ ചാവറയച്ചൻ



റവ. ഡോ. കുര്യൻ മാതോത്ത്

Kl. 610
6204

Complimentary

CARMEL JYOTHI
ALWAYE
THAIKKATTUKARA

# ധീരനായകനായ ചാവറയച്ചൻ

# ധീരനായകനായ ചാവറയച്ചൻ

റവ. ഡോ. കുര്യൻ മാതോത്ത്

ദീപനാളം ബുക്സ്

*<u>ഗ്രന്ഥകർത്താവിന്റെ ഇതര കൃതികൾ</u>*

1. ജീവന്റെ അപ്പം
2. ആരാധനക്രമം
3. പ്രബോധകൻ
4. കാല്പാടുകൾ
5. വാഴ്ത്തപ്പെട്ട ചാവറയച്ചൻ (Translated into English, and Hindi)
6. വാഴ്ത്തപ്പെട്ട അൽഫോൻസാമ്മ (Translated into Tamil, Hindi and English)
7. ദൈവദാസൻ കുഞ്ഞച്ചൻ (Translated into Tamil, Telugu, Kannada, Hindi, Italian, English and French)
8. പാറേമ്മാക്കൽ ഗോവർണ്ണദോർ
9. ബൈബിൾ പഠനം പ്രശ്നാവലിയിലൂടെ
10. കേരളസഭ ചരിത്രത്തിലൂടെ (Co-editor)
11. മിഷൻക്വിസ്
12. മിഷൻ ചിന്തകൾ (2 Vols)
13. ജീവിതദർശനം (Ed.)
14. പ്രസംഗമഞ്ജരി (4 Vols. Ed.)
15. കേരളസഭയും പ്രേഷിതമുന്നേറ്റവും
16. സഭാപഠനം ചോദ്യോത്തരങ്ങളിലൂടെ
17. മാർത്തോമ്മാക്രിസ്ത്യാനികളുടെ സഭ നൂറ്റാണ്ടുകളിലൂടെ (Co-editor)
18. The Development of the Concept of Trimurti in Hinduism.

(Malayalam)

**DHEERA NAYAKANAYA CHAVARAYACHAN**

(Biography of Blessed Kuriakose Elias Chavara)

| | | |
|---|---|---|
| Author | : | **Rev. Dr. Kurian Mathothu**<br>St. Augustine's Forane Church,<br>Ramapuram Bazar P.O., 686 576<br>Tel. 04822-262481,260323 |
| Copy Right © | : | Author |
| First Published | : | August 2005 |
| Cover design & Illustrations | : | Joseph Francis |
| Type Setting | : | St. Thomas DTP Centre, Pala |
| Printed at | : | Deepanalam Offset Printers, Pala<br>Ph: 04822 - 212842 |
| Publishers | : | **DEEPANALAM BOOKS, PALA - 686 575** |
| Price | : | Rs. 30/- |

## ആമുഖം

വാഴ്ത്തപ്പെട്ട ചാവറയച്ചനെപ്പറ്റി വിവിധ ഭാഷകളിൽ രചിക്കപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങൾ നിരവധിയുണ്ട്. അങ്ങനെയിരിക്കെ, ഇനിയുമൊരു ഗ്രന്ഥത്തിനു പ്രസക്തിയുണ്ടോ എന്നു ചോദിച്ചേക്കാം. പക്ഷേ, ആ പുണ്യപുരുഷന്റെ സുകൃതജീവിതത്തെപ്പറ്റി എത്രമാത്രം പഠിച്ചാലും പോരാ എന്നു തോന്നിപ്പോകുന്നു.

1805-ൽ ഭൂജാതനായ ചാവറയച്ചന്റെ ജന്മദ്വിശതാബ്ദി 2005 ഫെബ്രുവരിയിൽ ആഘോഷിക്കുകയുണ്ടായി. പത്തൊൻപതാം നൂറ്റാണ്ടിലെ കേരളസഭയുടെ മുന്നണിപ്പോരാളിയായിരുന്ന അച്ചൻ 1871-ൽ ആണ് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടത്. പക്ഷേ നിർഭാഗ്യവശാൽ ആ വ്യക്തിപ്രഭാവത്തെ പൂർണ്ണമായും മനസ്സിലാക്കുവാൻ അദ്ദേഹത്തിന്റെ അടുത്ത പിൻഗാമികൾക്ക് അവസരം ലഭിച്ചില്ല. കാരണം, അച്ചൻ മരിച്ച് ഏഴു ശതാബ്ദങ്ങൾക്കു ശേഷം, 1940-ൽ മാത്രമാണ് അദ്ദേഹത്തിന്റെ പ്രഥമ ജീവചരിത്രം രചിക്കപ്പെട്ടത്. അച്ചന്റെ സഹപ്രവർത്തകരിൽ നിന്നും ദൃക്സാക്ഷികളിൽ നിന്നും ലഭിക്കുമായിരുന്ന പല സൂക്ഷ്മ വിവരങ്ങളും അതുമൂലം നഷ്ടപ്പെട്ടു. അനുഭവസാക്ഷ്യങ്ങളുടെ അഭാവത്തിൽ ചില കൈയെഴുത്തുകൃതികൾ, 1820 മുതൽ 1870 വരെ ക്രമമായി അദ്ദേഹം എഴുതിയ നാളാഗമങ്ങൾ, ചാവരുൾ, ഇതര ചരിത്ര രേഖകൾ തുടങ്ങിയവയെ അടിസ്ഥാനമാക്കിയായിരിക്കണം ജീവചരിത്രഗ്രന്ഥം എഴുതിയതെന്നു കരുതാം. തുടർന്ന് സി. എം. ഐ. സഭയിലെ പണ്ഡിതരും പ്രഗല്ഭരുമായ അംഗങ്ങൾ ഗവേഷണപഠനങ്ങളിലേക്കു വെളിച്ചം വീശുന്ന ഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തിത്തുടങ്ങി.

ഒന്നര നൂറ്റാണ്ടു മുമ്പ് സീറോ മലബാർ സഭയ്ക്കും കേരളത്തിലെ സാമൂഹികോന്നമനത്തിനും വേണ്ടി വാഴ്ത്തപ്പെട്ട ചാവറയച്ചൻ ചെയ്ത സേവനവും അതിനായി അനുഷ്ടിച്ച ത്യാഗവും വിശദമായി ഗ്രഹിക്കുമ്പോൾ മാത്രമേ അദ്ദേഹം എത്ര ധീരനും സമുന്നതനായ നേതാവും ആയിരുന്നെന്ന് മനസ്സിലാക്കുവാൻ

സാധിക്കുകയുള്ളൂ. അച്ചന്റെ ബഹുമുഖങ്ങളായ കർമ്മമണ്ഡലങ്ങളിലേക്കുള്ള ഒരു ചൂണ്ടുപലക മാത്രമാണ് ഈ ലഘുഗ്രന്ഥം.

ചാവറയച്ചൻ അൾത്താരയിലെ വണക്കത്തിനു യോഗ്യനാണെന്നു പ്രഖ്യാപിക്കപ്പെട്ട(1986) ഉടൻതന്നെ പ്രസിദ്ധപ്പെടുത്തിയ 'വാഴ്ത്തപ്പെട്ട ചാവറയച്ചൻ' എന്ന ജീവചരിത്ര ഗ്രന്ഥത്തിന്റെ പരിഷ്കരിച്ച പതിപ്പാണ് ഈ ജീവചരിത്രം. പാലാ, എറണാകുളം എന്നീ രൂപതകളിലെ വിശ്വാസപരിശീലന ക്ലാസ്സുകളിൽ ഉപപാഠപുസ്തകമായി പ്രസ്തുത ഗ്രന്ഥം ഉപയോഗിച്ചിരുന്നു.

പ്രൗഢവും അതേ സമയം കാര്യമാത്രപ്രസക്തവുമായ അവതാരിക വഴി ഈ ഗ്രന്ഥത്തെ ധന്യമാക്കിയ പ്രസിദ്ധ വാഗ്മിയും മാർ ആഗസ്തീനോസ് കോളേജ് മലയാള വിഭാഗം മേധാവിയുമായ സി. റെജീനാ മേരി സി. എം. സി യ്ക്ക് കൃതജ്ഞതയുടെ കൂപ്പുകൈകൾ.

ഫാ. കുര്യൻ മാതോത്ത്

രാമപുരം

15-08-2005

# അവതാരിക

രണ്ടായിരം വർഷത്തെ പാരമ്പര്യമുള്ള ഭാരതസഭയിൽ നിന്നും അൽഫോൻസാമ്മയോടൊപ്പം വാഴ്ത്തപ്പെട്ടവരുടെ നിലയിലേക്ക് ഉയർത്തപ്പെട്ട മലയാളി, ഋഷിപ്രഭാവം മനുഷ്യന് അപ്രാപ്യമോ വസ്തുസ്ഥിതികൾക്ക് അതീതമായ സങ്കല്പകഥയോ അല്ല എന്ന് തെളിയിച്ച ദൈവമനുഷ്യൻ, നലംതികഞ്ഞ ആദ്ധ്യാത്മികാചാര്യനായിരിക്കുമ്പോൾത്തന്നെ വസുധൈവകുടുംബകം എന്ന് കർമ്മകാണ്ഡത്തിലൂടെ ഉദ്ഘോഷിച്ച ഭക്തികർമ്മയോഗി, സർഗ്ഗധനനായ സാഹിത്യകാരൻ, ശ്രോതാക്കളുടെ മനസ്സിൽ പരിവർത്തനത്തിന്റെ വേലിയേറ്റം സൃഷ്ടിച്ച ഉജ്ജ്വലവാഗ്മി, ക്രാന്തദർശിയായ വിദ്യാഭ്യാസപ്രവർത്തകൻ, ഭാരതത്തിലെ സന്യാസസഭകളുടെ പിതാവ്, കേരളസുറിയാനി സഭയെ ഒരു വിപൽസന്ധിയിൽ ധീരമായി നയിച്ച സാരഥി...... സർവ്വോപരി ദൈവത്തിന്റെ മനുഷ്യൻ എന്നിങ്ങനെ ഒന്നിനൊന്നിന് മെച്ചമായ വിശേഷണങ്ങൾകൊണ്ട് പ്രകീർത്തിക്കപ്പെട്ട വാഴ്ത്തപ്പെട്ട ചാവറകുര്യാക്കോസ് ഏലിയാസച്ചന്റെ 200-ാം ജന്മവാർഷികം ഈ അടുത്ത കാലത്ത് വിപുലമായ പരിപാടികളോടെ ആഘോഷിക്കുകയുണ്ടായി.

സ്വന്തം ജീവിതം തന്നെ സന്ദേശമാക്കിയ ചാവറയച്ചന്റെ പഠനങ്ങൾ, പ്രവർത്തനങ്ങൾ, അദ്ദേഹം അഭിമുഖീകരിച്ച വെല്ലുവിളികൾ തുടങ്ങിയവയെല്ലാം പഠനാർഹങ്ങളും ചിന്താർഹങ്ങളുമാണ്. ജന്മദ്വിശതാബ്ദിയോടനുബന്ധിച്ചും, അല്ലാതെയും അദ്ദേഹത്തിന്റെ ജീവചരിത്രങ്ങളും, അചഞ്ചലമായ വിശ്വാസദാർഢ്യവും, അഗാധമായ ഭക്തിയും, അനന്യസാധാരണമായ ദൈവാശ്രയബോധവും, സഭയെക്കുറിച്ചും, സമൂഹത്തെക്കുറിച്ചും, അദ്ദേഹത്തിനുണ്ടായിരുന്ന വ്യക്തമായ ധാരണകളും, കാഴ്ചപ്പാടുകളും അനന്യസാധാരണമായ പ്രായോഗികബുദ്ധിയും, വൈഭവവും എല്ലാം പ്രഗല്ഭരായ പലരും രേഖപ്പെടുത്തിക്കഴിഞ്ഞു. ഇപ്പോൾ നമ്മുടെ മുമ്പിൽ ചാവറയച്ചന്റെ ചരിത്രവും, സന്ദേശവുമായി പ്രത്യക്ഷപ്പെടുന്നത് പ്രസിദ്ധ ഗ്രന്ഥകാരനും, കഠിനാദ്ധ്വാനത്തിന്റെ പര്യായവുമായ റവ. ഫാദർ കുര്യൻ മാതോത്ത് ആണ്. പ്രസംഗമഞ്ജരി, ദൈവദാസൻ കുഞ്ഞച്ചൻ, കേരളസഭയും പ്രേഷിത മുന്നേറ്റവും, സഭാപഠനം ചോദ്യോത്തരങ്ങളിലൂടെ തുടങ്ങി ഒട്ടേറെ ഈടുറ്റ കൃതികളുടെ കർത്താവായ ബഹു. മാതോത്തച്ചന്റെ 'ധീരനായകനായ ചാവറയച്ചൻ' ലളിതവും, സരളവുമായ ഭാഷയിൽ രചിക്കപ്പെട്ട മനോഹരമായ ഒരു ജീവചരിത്രമാണ്..

ക്രിസ്തുവിന്റെ വികാരിയും, സാർവ്വത്രികസഭയുടെ തലവനുമായ ജോൺപോൾ രണ്ടാമൻ മാർപാപ്പ ചാവറയച്ചനെയും അൽഫോൻസാമ്മയെയും വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിക്കുവാൻ 1986 ഫെബ്രുവരി 8ന് കോട്ടയത്ത് എത്തി ജനലക്ഷങ്ങളുടെ മുൻപിൽ ഔദ്യോഗികമായി നടത്തിയ പ്രഖ്യാപനം അവതരിപ്പിച്ചുകൊണ്ടാണ് ഗ്രന്ഥം ആരംഭിക്കുന്നത്. തുടർന്ന് ചാവറയച്ചന്റെ ജനനം, ബാല്യം, വിദ്യാരംഭം, സെമിനാരിപ്രവേശനം, വൈദികജീവിതം, സന്യാസസഭാസ്ഥാപനം, പ്രാർത്ഥനാജീവിതം, വിദ്യാഭ്യാസരംഗത്തെ അത്ഭുതാവഹമായ പ്രവർത്തനങ്ങൾ, മാദ്ധ്യമരംഗത്തേയ്ക്കുള്ള പ്രവേശനം, ദളിത് സഹോദരങ്ങൾക്കു വേണ്ടിയുള്ള ആത്മാർത്ഥവും, വിശ്വാസാധിഷ്ഠിതവുമായ പ്രവർത്തനങ്ങൾ, അനാഥമന്ദിരങ്ങളുടെ ആരംഭം, സാഹിത്യരചനകൾ, കുടുംബങ്ങൾക്കു നൽകുന്ന അമൂല്യമായ സന്ദേശങ്ങൾ തുടങ്ങി ചാവറയച്ചന്റെ ജീവിതത്തിലെ സമസ്തമേഖലകളും(നാമകരണ നടപടിക്രമങ്ങൾ ഉൾപ്പടെ) ഗ്രന്ഥകർത്താവ് വ്യക്തമായും പ്രചോദനാത്മകമായും നമ്മുടെ മുമ്പിൽ അനാവരണം ചെയ്യുന്നു. പുസ്തകം വായിച്ചുകഴിയുമ്പോൾ ചാവറയച്ചൻ എന്ന മഹാപുരുഷന്റെ മുമ്പിൽ പ്രാർത്ഥനാമഞ്ജരികളുമായി നില്ക്കാനും അദ്ദേഹത്തിന്റെ പ്രവർത്തനരംഗങ്ങളിലേക്ക് നമ്മുടെ സംഭാവനകൾ അർപ്പിക്കാനും നാം പ്രേരിതരാകും, നിർബന്ധിതരാകും.

ധാർമ്മികാധഃപതനത്തിന്റെ ഈ കാലഘട്ടത്തിൽ ക്രൈസ്തവജീവിതം ഒട്ടേറെ വെല്ലുവിളികളെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു. ഉത്തമമാതൃകകളുടെ അഭാവം ഇന്നിന്റെ വലിയ പ്രശ്നമാണ്. ഈ പശ്ചാത്തലത്തിൽ ചാവറയച്ചന്റെ ജീവിതവും, ദർശനവും അനേകർക്ക് പ്രചോദനമരുളും എന്നതിൽ സംശയമില്ല. കുടുംബങ്ങളിലും, വിദ്യാലയങ്ങളിലും, മതപഠനക്ലാസ്സുകളിലും, സ്ഥാപനങ്ങളിലുമെല്ലാം ഈ പുസ്തകത്തിന് സ്ഥാനമുണ്ടാകട്ടേയെന്ന് ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു. ക്രിയാത്മകമായ മനോഭാവവും, ചിന്തയും നിലനിർത്തിക്കൊണ്ട് സഹോദരങ്ങളെ ദൈവത്തിലേക്കു നയിക്കുക എന്ന ലക്ഷ്യസാക്ഷാൽക്കാരത്തിനു വേണ്ടി അവിശ്രമം പരിശ്രമിക്കുന്ന ബഹു. മാതോത്തച്ചന്റെ അക്ഷരപൂജ സഫലമാകട്ടെ.

**സി. റജീനാ മേരി സി. എം. സി.**

രാമപുരം
12-08-05

# ധീരനായകനായ ചാവറയച്ചൻ

ക്രിസ്തുവിന്റെ വികാരിയും സാർവ്വത്രികസഭയുടെ തലവനുമായിരുന്ന ജോൺപോൾ രണ്ടാമൻ മാർപാപ്പാ, 1986 ഫെബ്രുവരി 8-ന് ശനിയാഴ്ച കോട്ടയം നാഗമ്പടം മൈതാനിയിൽവച്ച്, അനേകം കർദ്ദിനാളന്മാരെയും മെത്രാന്മാരെയും സാക്ഷിനിർത്തി, ജനലക്ഷങ്ങളുടെ മുമ്പിൽ ഔദ്യോഗികമായി നടത്തിയ പ്രഖ്യാപനം:

''നമ്മുടെ സഹോദരന്മാർ ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ പവ്വത്തിൽ മാർ ജോസഫ്, പാലാ രൂപതാ മെത്രാൻ പള്ളിക്കാപറമ്പിൽ മാർ ജോസഫ്, മറ്റു പല സഹോദര മെത്രാന്മാർ, അനേകം വിശ്വാസികൾ എന്നിവർ പ്രകടിപ്പിച്ചിട്ടുള്ള ആഗ്രഹമനുസരിച്ചും, വിശുദ്ധരുടെ നാമകരണത്തിനുള്ള റീത്തുകളുടെ തിരുസംഘത്തിന്റെ അഭിപ്രായം അംഗീകരിച്ചും, ധന്യരായ ചാവറകുര്യാക്കോസ് ഏലിയാസിനെയും മുട്ടത്തുപാടത്തു സിസ്റ്റർ അൽഫോൻസായെയും ഈ നിമിഷം മുതൽ വാഴ്ത്തപ്പെട്ടവർ എന്നുവിളിക്കാമെന്നും അവരുടെ തിരുനാളുകൾ, അവരുടെ സ്വർഗ്ഗീയ ജന്മനാളുകളിൽ, ചാവറകുര്യാക്കോസ് ഏലിയാസിന്റേത് ജനുവരി 3-ാം തീയതിയും അൽഫോൻസാമ്മയുടേത് ജൂലൈ 28-ാം തീയതിയും പ്രതിവർഷം നിയമാനുസൃതമായും അതതു സ്ഥലങ്ങളിലും ആഘോഷിക്കാമെന്നും, നാം നമ്മുടെ അപ്പസ്തോലികാധികാരം ഉപയോഗിച്ച് പ്രഖ്യാപിക്കുന്നു.

"പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും + നാമത്തിൽ, ആമ്മേൻ."

അതൊരു ചരിത്രമുഹൂർത്തമായിരുന്നു. രണ്ടായിരം വർഷത്തെ പാരമ്പര്യമുള്ള മാർത്തോമ്മാശ്ലീഹായുടെ സഭയുടെ രണ്ടുമക്കൾ ഇദംപ്രഥമമായി അൾത്താരയിലെ വണക്കത്തിന് യോഗ്യരായി ത്തീർന്ന ധന്യനിമിഷം. തുടർന്നും നടക്കുവാനിരിക്കുന്ന ഒട്ടേറെ നാമകരണനടപടികൾക്ക് അവിടെ തുടക്കമിട്ടു. കേരളസഭ ധന്യയായി.

രണ്ടു ശതാബ്ദങ്ങൾക്കുമുമ്പ് ജനിച്ച്, ഒരു പ്രത്യേകകാലഘട്ടത്തിൽ കേരളസഭയെ ധീരമായി നയിച്ച് മൺമറഞ്ഞ ചാവറകുര്യാക്കോസ് ഏലിയാസച്ചൻ വാഴ്ത്തപ്പെട്ടവനായി ഇന്ന് നമ്മുടെ ഇടയിൽ ജീവിക്കുകയാണ്. ശാരീരികമായി അദ്ദേഹത്തെ അറിഞ്ഞിരുന്നവരിലും അധികം ആളുകൾക്ക് ഇന്നദ്ദേഹം പരിചിതനാണ്; അവർ അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം അപേക്ഷിക്കുന്നു; അനുഗ്രഹങ്ങൾ പ്രാപിക്കുന്നു. ആ ധന്യജീവിതം അനേകർക്ക് പ്രചോദനമേകുന്നു.

## ജനനവും ബാല്യവും

ചങ്ങനാശ്ശേരി അതിരൂപതയിൽപ്പെട്ട കൈനകരിയിലെ ചാവറ കുടുംബത്തിൽ 1805 ഫെബ്രുവരി 10-ന് ആണ് കുര്യാക്കോസിന്റെ ജനനം. കുര്യാക്കോസ്, മറിയം എന്നിവരായിരുന്നു മാതാപിതാക്കൾ. സ്വന്തം ഇടവകയായ ചേന്നങ്കരി പള്ളിയിൽവച്ച് 8-ാം ദിവസം ജ്ഞാനസ്നാനം സ്വീകരിച്ചു.

കുര്യാക്കോസിന്റെ അമ്മയായ മറിയം ദൈവമാതൃഭക്തിയിൽ മറ്റേവരുടേയും മുന്നിലായിരുന്നു. മകന്റെ കൈയോ കാലോ വളരുന്നത് എന്നു മാത്രമല്ല ആ നല്ല മാതാവ് നോക്കിയിരുന്നത്. കൈയും കാലും കണ്ണും കരളുമെല്ലാം നൽകിയ ദൈവത്തിന്റെ ഇഷ്ടപുത്രനായി അവനെ വളർത്തുന്നതിനും അവൾ അതീവ ശ്രദ്ധചെലുത്തി.

പ്രാർത്ഥനകളും ക്രിസ്തീയവിശ്വാസരഹസ്യങ്ങളും മകനു പറഞ്ഞുകൊടുത്തു പഠിപ്പിക്കുന്നതിന് ആ നല്ല മാതാവ് സദാ ഉത്സുകയായിരുന്നു. അതുകൊണ്ടും തീർന്നില്ല; അമലോത്ഭവമാതാവിന്റെ ഒരു ദാസനായിട്ട് കുര്യാക്കോസിനെ വളർത്തുവാൻ ആ അമ്മ ആഗ്രഹിച്ചു. കൊച്ചിനെ വെച്ചൂർ പള്ളിയിൽകൊണ്ടുപോയി മാതാവിന് അടിമവച്ചു. മാതാവിന്റെ പരിരക്ഷണത്തിനു സമർപ്പിച്ചു എന്നാണ് അടിമവച്ചു എന്നതിൽ നിന്ന് മനസ്സിലാക്കേണ്ടത്.

സി.എം.ഐ. സഭ സ്ഥാപിതമായപ്പോൾ അതിന് 'കർമ്മലമാതാവിന്റെ അമലോത്ഭവ ദാസസംഘം' എന്ന് പേരു നൽകിയതിന്റെ മൂലകാരണം കുട്ടിക്കാലത്ത് കുര്യാക്കോസച്ചന് മരിയഭക്തിയിൽ ലഭിച്ച പരിശീലനമാണ്.

"എന്റെ അമ്മേ, എന്റെ ആശ്രയമേ" എന്നു മറിയത്തെ വിളിച്ചപേക്ഷിച്ചുകൊണ്ട് സമാരംഭിച്ച ഒരു കാര്യവും പരാജയപ്പെട്ടിട്ടില്ല എന്ന് ചാവറയച്ചൻ പിന്നീട് പറഞ്ഞിരുന്നു.

വിഷമം. ഒരു വലിയ പരീക്ഷതന്നെയായിരുന്നു അത്. അവൻ ദേവാലയത്തിൽ ദിവ്യസക്രാരിയുടെ മുമ്പിൽ മുട്ടുകുത്തി തീക്ഷ്ണതയോടെ പ്രാർത്ഥിച്ചു. ഈ പ്രതിസന്ധിയിൽനിന്ന് രക്ഷിക്കണമേയെന്ന് സ്വർഗ്ഗീയ അമ്മയോടു അപേക്ഷിച്ചു. അവന്റെ പ്രാർത്ഥനയ്ക്ക് ഫലമുണ്ടായി. എടത്വായിൽ വിവാഹം ചെയ്തയച്ചിരുന്ന സഹോദരിയും ഭർത്താവും ചാവറകുടുംബത്തിലേയ്ക്ക് വരുവാൻ സന്നദ്ധരായി. തന്റെ അവകാശം മുഴുവനും അവർക്ക് എഴുതിക്കൊടുത്തശേഷം ശമ്മാശ്ശൻ സെമിനാരിയിൽ തിരിച്ചെത്തി വൈദികപഠനം തുടർന്നു.

## സമർത്ഥനായ വൈദികവിദ്യാർത്ഥി

പള്ളിപ്പുറം സെമിനാരിയിൽ തന്റെ സതീർത്ഥ്യരിൽ ഏറ്റം പ്രായം കുറഞ്ഞവനായിരുന്നു കുര്യാക്കോസ് ശമ്മാശ്ശൻ. എങ്കിലും പഠനം, സുകൃതാനുഷ്ഠാനം, സേവനതല്പരത തുടങ്ങിയ കാര്യങ്ങളിൽ അവനായിരുന്നു എല്ലാവരുടെയും മുന്നിൽ. ഗുരുഭൂതനായ മല്പാനച്ചന്റെ ജീവിതമാതൃക ശമ്മാശ്ശനിൽ അനല്പമായ സ്വാധീനമാണ് ചെലുത്തിയത്.

വൈദികന് വേണ്ടത്ര അറിവും പക്വതയും പുണ്യയോഗ്യതയുമുണ്ടായിരിക്കണമെന്ന് കുര്യാക്കോസ് ശമ്മാശ്ശന് നല്ല ബോദ്ധ്യമുണ്ടായിരുന്നു. മറ്റുള്ളവരെ പഠിപ്പിക്കാനുള്ളവർ അതിനു തക്കതായ യോഗ്യത നേടിയിരിക്കണം. Qualis Seminarista Talis Sacerdos (സെമിനാരിക്കാരൻ എങ്ങനെയോ അങ്ങനെ ആയിരിക്കും വൈദികൻ) എന്നൊരു ചൊല്ലുതന്നെയുണ്ടല്ലോ. അറിവിലും വിശുദ്ധിയിലും ഏവരുടെയും മുൻപന്തിയിൽതന്നെ വരുവാൻ കുര്യാക്കോസ് ശമ്മാശ്ശൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. തത്വശാസ്ത്രവും ദൈവശാസ്ത്രവും പ്രസംഗകലയും കൂദാശക്രമങ്ങളും വശമാക്കിയതോടൊപ്പം സുറിയാനി, ലത്തീൻ, പോർത്തുഗീസ്, ഇറ്റാലിയൻ എന്നീ ഭാഷകളിലും അദ്ദേഹം വ്യുല്പത്തി നേടി. കത്തോലിക്കരെ സംബന്ധിച്ചിടത്തോളം ഇംഗ്ലീഷ് ഭാഷാപഠനം അക്കാലത്ത് നിഷിദ്ധമായിരുന്നു.

## നവവൈദികൻ

1828-ൽ ആറാംപട്ടം സ്വീകരിച്ചതിനുശേഷം കുര്യാക്കോസ് ശമ്മാശ്ശൻ മല്പാനച്ചന്റെ കൂടെ ഒരു സഹാദ്ധ്യാപകനെപ്പോലെയാണ് ജീവിച്ചത്. സന്യാസസഭാസ്ഥാപനത്തിനായി പാലയ്ക്കലച്ചനും പോരുക്കരയച്ചനും ചാവറ ശമ്മാശ്ശനും ഒത്തുചേർന്ന് സന്യാസസഭയെപ്പറ്റി ആലോചന നടത്തിയത് ഇക്കാലത്താണ്.

1829 നവംബർ 29-ന് തന്റെ 24-ാം വയസ്സിൽ ചാവറകുര്യാക്കോസ് ശമ്മാശ്ശൻ മോൺ. മൗറേലിയൂസ് സ്തബിലീനി മെത്രാനിൽ നിന്ന് വൈദികപട്ടം സ്വീകരിച്ചു. അതിനുശേഷം മെത്രാന്റെ കൂടെ ബലി അർപ്പിച്ചപ്പോൾ സന്യാസസഭാസ്ഥാപനം നടക്കണമേയെന്ന് പ്രാർത്ഥിച്ചുവെന്ന് അച്ചൻ പിന്നീട് നാളാഗമത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സ്വന്തം ഇടവകയായ ചേന്നങ്കരിപള്ളിയിൽ ഞായറാഴ്ച ദിവസം സാഘോഷം പ്രഥമ ദിവ്യബലി അർപ്പിച്ചു. അതെത്തുടർന്ന് പുളിങ്കുന്ന്, ചേന്നങ്കരി എന്നീ പള്ളികളിൽ നിയമിതനായി. അടുത്തതായി പാലയ്ക്കൽ തോമ്മാമല്പാന്റെ സഹായാർത്ഥം പള്ളിപ്പുറം സെമിനാരിയിൽ നിയോഗിക്കപ്പെട്ടു.

## സന്യാസസഭാസ്ഥാപനം

പാലയ്ക്കൽ തോമ്മാമല്പാനും സ്തബിലീനി മെത്രാന്റെ സെക്രട്ടറി ആയിരുന്ന പോരൂക്കര തോമ്മാച്ചനും ജനമദ്ധ്യത്തിൽ നിന്നകന്ന് വനവാസതുല്യമായ സന്യാസജീവിതം നയിക്കുവാൻ ആഗ്രഹിച്ച രണ്ട് വൈദിക ശ്രേഷ്ഠരായിരുന്നു. ചാവറ അച്ചനാകട്ടെ, സന്യാസത്തോടനുബന്ധിച്ചുള്ള പ്രാർത്ഥനാജീവിതത്തോടൊപ്പം, തിരുസ്സഭയുടെ വിവിധ കർമ്മമണ്ഡലങ്ങളിൽ എന്തെങ്കിലും സേവനം ചെയ്യുവാനും താല്പര്യമുണ്ടായിരുന്നു. അച്ചന്മാർ മൂവരും കൂടി സ്തബിലീനിമെത്രാനെ (1827 - 1831) സമീപിച്ച് വനവാസത്തിനുള്ള തങ്ങളുടെ ആഗ്രഹം അറിയിച്ചു. വാസ്തവത്തിൽ അദ്ദേഹമാണ് ഈ വൈദികരെ നിയതമായ ഒരു സന്യാസജീവിതമാർഗ്ഗത്തിലേക്ക് തിരിച്ചുവിട്ടത്.

സ്തബിലീനി മെത്രാൻ അവരോടു പറഞ്ഞു: "അല്പം വല്ലതും തിരിയുന്ന നിങ്ങൾ ഒന്നുരണ്ടുപേരുള്ളത് മിണ്ടടക്കമായി വല്ലയിടത്തും ഒതുങ്ങിപ്പാർത്താൽ പിന്നെ ലോകരെ പഠിപ്പിക്കാൻ ആരാണുള്ളത്? അങ്ങനെ നിങ്ങൾക്ക് മനസ്സുണ്ടെങ്കിൽ ഒരു കൊവേന്ത വയ്പിൻ. അപ്പോൾ എല്ലാവർക്കും ഉപകാരമുണ്ടല്ലൊ."

ഒരു ഭക്തജീവിതം കഴിക്കാനുള്ള ആഗ്രഹത്തോടുകൂടി പോരൂക്കര തോമ്മാച്ചന്റെ സമപ്രായക്കാരനും ചമ്പക്കുളം സ്വദേശിയുമായ കണിയാന്തറ യാക്കോബ് എന്ന ആളും അവരോടൊപ്പം ചേർന്നു. ഇദ്ദേഹമാണ് പിന്നീട് ആഹാ യാക്കോബ് എന്നപേരിൽ സി.എം.ഐ. സഭയുടെ മറ്റുസ്ഥാപകരോടൊപ്പം പ്രവർത്തിച്ചത്.

## കൊവേന്ത സ്ഥാപനം

കൊവേന്ത സ്ഥാപിക്കുവാൻ നിർദ്ദേശം നൽകിയ സ്തബിലീനി മെത്രാൻ (1829-ൽ) ആയതിലേയ്ക്ക് 200 രൂപാ സംഭാവന നൽകി. കൂടാതെ പണം പിരിക്കാനുള്ള അനുവാദവും കൊടുത്തു. കണിയാന്തറ യാക്കോബുമൊത്ത് അച്ചന്മാർ ധനശേഖരാർത്ഥം പല സ്ഥലങ്ങളിലും പര്യടനം നടത്തി. ധനശേഷിയുള്ള പള്ളികളും വ്യക്തികളും ഉദാരമായി സംഭാവനനൽകുകയും ചെയ്തു.

പണം ഉണ്ടെങ്കിലും അനുയോജ്യമായ സ്ഥലം വേണമല്ലോ. കരമാർഗ്ഗവും ജലമാർഗ്ഗവും എത്താവുന്നതും അതെസമയം ബഹളങ്ങളിൽ നിന്നെല്ലാം അകന്ന് ശാന്തവുമായ സ്ഥലമായിരിക്കണം. സുദീർഘവും ക്ലേശപൂർണ്ണവുമായ അന്വേഷണത്തിന്റെ അവസാനം മനോഹരമായ ഓലൻകണ്ണാമുകളെന്ന മാന്നാനം കുന്ന് കണ്ടെത്തി. ഉദാരമതികളായ തയ്യിൽ (പെരുമാലിൽ) കുര്യൻ തരകനും അനുജൻ തയ്യിൽ കൊച്ചുപോത്തൻ മാപ്പിളയും ആ കുന്ന് ആശ്രമത്തിനായി വിട്ടുകൊടുത്തു. 'വെള്ള സൗഖ്യവും സ്ഥലസൗഖ്യവു'മുള്ള സ്ഥലമാണ് അവർ അന്വേഷിച്ചത് എന്ന് ചാവറയച്ചൻ പിന്നീട് രേഖപ്പെടുത്തിയിട്ടുണ്ട്. നിശ്ശബ്ദതയിൽ പ്രാർത്ഥിക്കുവാനും തപസ്സു ചെയ്യാനും പറ്റിയ ഒരു കുന്നിൻ പ്രദേശം; ജനങ്ങളോട് സമ്പർക്കം പാലിക്കാൻ ജലമാർഗ്ഗവും. രണ്ടും സമ്മേളിച്ച സ്ഥലമായിരുന്നു മാന്നാനം.

1831 മേയ് 11-ന് കൊവേന്തയുടെ ശിലാസ്ഥാപനം നിർവ്വഹിക്കുവാൻ തീരുമാനമായി. ആ നാളുകളിൽ കുടമാളൂരിൽ താമസിച്ചിരുന്ന സ്തബിലീനി മെത്രാൻ ശിലാസ്ഥാപനം നിർവ്വഹിക്കാമെന്ന് സമ്മതിച്ചു. മല്പാനച്ചന്മാരുടെ സ്നേഹിതരും ശിഷ്യരുമായ വേറെ അച്ചന്മാരെയും ഈ മംഗളകർമ്മത്തിൽ പങ്കെടുക്കാൻ ക്ഷണിച്ചിരുന്നു.

തലേദിവസംതന്നെ മെത്രാൻ മാന്നാനത്ത് എത്തിച്ചേർന്നു. അവിടെ തയ്യാറാക്കിയിരുന്ന മുളക്കൂട്ടുപുരയിൽ ഒരു പരമ്പുമുറിയിൽ അദ്ദേഹം താമസിച്ചു. മറ്റച്ചന്മാരെല്ലാം വേറൊരുമുറിയിലും അന്തിയുറങ്ങി. പിറ്റേദിവസം രാവിലെ മെത്രാനച്ചന് അസുഖമായിരുന്നതിനാൽ അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ പോരുക്കര തോമ്മാച്ചൻ 1831 മേയ് 11-ന് വി. യൗസേപ്പിന്റെ നാമത്തിലുള്ള ആശ്രമത്തിന് അടിസ്ഥാനക്കല്ലിട്ടു. ആശ്രമം വി. യോഹന്നാൻ മാംദാനയുടെ നാമ

ത്തിൽ വേണമെന്ന് മെത്രാനച്ചനും, വി. ഡൊമിനിക്കിന്റെ നാമത്തിൽ ആയിരിക്കണമെന്ന് പാലയ്ക്കൽ മല്പാനച്ചനും അഭിപ്രായപ്പെട്ടെങ്കിലും ഒടുവിൽ പോരുക്കരയുടെ നിർദ്ദേശമാണ് അംഗീകരിക്കപ്പെട്ടത്.

ഒരുമാസം കൊണ്ട് കപ്പേളയുടെ പണിപൂർത്തിയായി. പന്തക്കുസ്താതിരുനാൾ ദിനത്തിൽ അവിടെ ആദ്യമായി ദിവ്യബലി അർപ്പിച്ചു. അന്ന് അവിടെ ബലി അർപ്പിച്ച എല്ലാ അച്ചന്മാരും ഓരോ രൂപാവീതം നേർച്ച ഇട്ടു. അപ്രകാരം ലഭിച്ച 50 രൂപാകൊണ്ട് കൊവേന്തയുടെ പണി ആരംഭിച്ചു. അസൗകര്യങ്ങളൊന്നും കണക്കാക്കാതെ അച്ചന്മാർ അന്നുമുതൽ അവിടെ താമസിച്ച് പണികൾക്ക് മേൽനോട്ടം നോക്കിവന്നു.

ചാവറ അച്ചൻ അപ്പോഴും പള്ളിപ്പുറം പള്ളിയിൽ വികാരിയായിരുന്നു. ഈ കാലഘട്ടത്തെപ്പറ്റി സി.എം.ഐ. സഭയുടെ ചരിത്രത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്.

"പള്ളിപ്പുറത്തെ വികാരിജോലി ഒഴിച്ചുകൊടുക്കണമെന്ന് നമ്മുടെ ചാവറയച്ചൻ വീണ്ടും വീണ്ടും മെത്രാപ്പോലീത്താച്ചനോട് അപേക്ഷിക്കുകയും അതിൻപ്രകാരം ഒഴിച്ചുകൊടുക്കുകയും ചെയ്തതിനാൽ താൻ മാന്നാനത്തുവന്നു. 1833-മുതൽ നിരന്തരമായി കാര്യങ്ങൾ അന്വേഷിച്ചു പോന്നു. അന്നു മുതൽ തന്റെ സമ്പാദ്യവും പ്രയത്നവുമെല്ലാം ദർശനവീടിനായി ചെലവഴിക്കുകയും ഒരു സന്യാസിയെപ്പോലെ ജീവിക്കുകയും ചെയ്തുപോന്നു." (ക.നി.മൂ. സഭയുടെ ചരിത്രസംക്ഷേപം, ബർണ്ണർദോസ് തോമ്മാ പട്ടക്കാരനാൽ രചിക്കപ്പെട്ടത്, മാന്നാനം, 1908, P.14)

## മല്പാന്മാരുടെ ദേഹവിയോഗം

1841-ൽ പാലയ്ക്കൽ തോമ്മാ മല്പാനും 1846-ൽ പോരൂക്കര അച്ചനും ദിവംഗതരായി. അതോടെ സഭാസംബന്ധമായ കാര്യങ്ങളും ആശ്രമത്തിന്റെ പണികളുമെല്ലാം ചാവറ അച്ചന്റെ ഉത്തരവാദിത്വത്തിലായി.

സഭാതരുവിന് വെള്ളവും വളവും നൽകി വളർത്തുന്നതോടൊപ്പം നവംനവങ്ങളായ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും അദ്ദേഹം ശ്രദ്ധിച്ചു. മനുഷ്യസേവനത്തിലൂടെ ദൈവസാക്ഷാത്ക്കാരം സാധിക്കുകയെന്നത് അച്ചന്റെ ജീവിതലക്ഷ്യം തന്നെയായിരുന്നു.

## കർമ്മലീത്താസഭ ഔദ്യോഗികമായി ആരംഭിക്കുന്നു

മാന്നാനത്ത് ആരംഭിച്ച സന്യാസ സമൂഹത്തിലേയ്ക്ക് മറ്റുചിലരും കൂടെ വന്നതോടുകൂടി കാനോനികമായുള്ള അംഗീകാരം ലഭിക്കുക ആവശ്യമായി വന്നു. വരാപ്പുഴയിലെ വികാരി അപ്പസ്തോലിക്കാ ബർണർഡൈൻ ബച്ചിനെല്ലിയുടെ പക്കൽ ചാവറ അച്ചൻ അതിനായി അപേക്ഷ സമർപ്പിച്ചു. അദ്ദേഹം കർമ്മലീത്തരുടെ നിയമാവലി ഏതാനും ഭേദഗതികളോടെ അവർക്കു നല്കി.

1855 ഡിസംബർ 8-ന്, മാതാവിന്റെ അമലോത്ഭവ തിരുനാൾ ദിനത്തിൽ, പുതിയസഭ ഔദ്യോഗികമായി സ്ഥാപിക്കുന്നതിന് മെത്രാനച്ചൻ നിശ്ചയിച്ചു. സഭയുടെ നിയമങ്ങൾക്കനുസൃതമായി ജീവിക്കുന്നതിന് സന്നദ്ധരായ വൈദികർ അന്ന് സന്യാസവ്രതങ്ങൾ വാഗ്ദാനം ചെയ്യുകയും വേണമായിരുന്നു. ഈ കാര്യങ്ങളുടെ നിർവ്വഹണത്തിനായി മർസലീനോസ് എന്ന വിദേശ കർമ്മലീത്താ മിഷനറി വൈദികനെ ബർണർഡൈൻ മെത്രാൻ മാന്നാനത്തേയ്ക്ക് അയച്ചു. വ്രതവാഗ്ദാനത്തിനു തൊട്ടുമുമ്പുള്ള പത്തുദിവസം ധ്യാനം കഴിക്കണമെന്നും നിർദ്ദേശിക്കപ്പെട്ടു. എന്നാൽ പുതിയ ചട്ടങ്ങൾ അനുസരിച്ചുള്ള ജീവിതം ക്ലേശകരമായിരിക്കുമെന്നു മനസ്സിലാക്കിയ രണ്ട് അച്ചന്മാരും എട്ട് ശമ്മാശ്ശന്മാരും ഒരു യുവാവും ധ്യാനം കഴിഞ്ഞപ്പോൾ സഭ വിട്ടുപോയി.

നിശ്ചയിക്കപ്പെട്ട ദിവസം രാവിലെ സാഘോഷമായ ദിവ്യബലിക്കുമുമ്പ് ചാവറയച്ചൻ മർസലീനോസ് മിഷനറിയുടെ മുമ്പാകെ വ്രതവാഗ്ദാനം ചെയ്ത് തന്നെത്തന്നെ സഭാസേവനത്തിനായി സമർപ്പിച്ചു. മറ്റച്ചന്മാർ വ്രതമെടുത്തത് വി. കുർബാനയുടെ ശേഷമായിരുന്നു. കുര്യാക്കോസച്ചൻ തന്നെ ശ്രേഷ്ഠസ്ഥാനത്തിരുന്നുകൊണ്ട് അവരുടെ വ്രതവാഗ്ദാനം സ്വീകരിച്ചു. അന്നുമുതൽ മരണം വരെ സഭയുടെ പൊതുപ്രിയോർ ചാവറ അച്ചനായിരുന്നു.

ആദ്യദിവസം വ്രതവാഗ്ദാനം ചെയ്ത് സഭാംഗങ്ങളായിത്തീർന്ന വൈദികർ താഴെപ്പറയുന്നവരാണ്.

1. ചാവറകുര്യാക്കോസ് ഏലിയാസച്ചൻ
2. തോപ്പിൽ ഗീവർഗീസച്ചൻ
3. പോരൂക്കര കുര്യാക്കോസച്ചൻ
4. കൊച്ചുപുരയ്ക്കൽ കുര്യാച്ചൻ

Kl.610
6205

5. മുഞ്ഞനാട്ട് മത്തായി അച്ചൻ
6. കളപ്പുരയ്ക്കൽ മത്തായി അച്ചൻ
7. വല്യാറ ചാക്കോച്ചൻ
8. കണിയാരകത്ത് മാണിയച്ചൻ
9. പാലയ്ക്കൽ കുര്യാച്ചൻ
10. കട്ടക്കയത്ത് ചാണ്ടിയച്ചൻ
11. കളത്തിൽ സ്കറിയാച്ചൻ

CARMEL JYOTHI
ALWAYE
THAIKKATTUKARA

തിരുക്കുടുംബത്തിന്റെ കുര്യാക്കോസ് ഏലിയാ എന്ന നാമം ചാവറയച്ചൻ സ്വീകരിച്ചത് ഈ അവസരത്തിലാണ്.

## പുതിയ സന്ന്യാസസഭയുടെ പേര്

'അമലോത്ഭവ കർമ്മലമാതാവിന്റെ ദാസന്മാർ എന്നായിരുന്നു ഈ സഭ ആദ്യം അറിയപ്പെട്ടിരുന്നത്. ഒൻപതാം പീയൂസ് മാർപ്പാപ്പാ മാതാവിന്റെ അമലോത്ഭവം ഒരു വിശ്വാസസത്യമാണെന്ന് പ്രഖ്യാപിച്ചത് തൊട്ടു തലേവർഷം (1854) ആയിരുന്നു. പുതിയ സഭയ്ക്ക് മുകളിൽപറഞ്ഞ പേരു നൽകുവാൻ ആ സംഭവവും കാരണമായിരിക്കണം. 1861–ലോ അതിനുശേഷമോ 'കർമ്മലീത്താ നിഷ്പാദുക മൂന്നാം സഭ' (ക.നി.മൂ.സ.) എന്ന് സഭയെ പുനഃനാമകരണം ചെയ്തു. വീണ്ടും മൂന്നാമതൊരു പരിഷ്ക്കാരം വരുത്തിയപ്പോൾ അത് 'അമലോത്ഭവമാതാവിന്റെ കർമ്മലീത്താക്കാർ' (Carmelites of Mary Immaculate - C.M.I.) എന്നായിത്തീർന്നു.

അക്കാലത്ത് കേരളത്തിൽ പ്രവർത്തിച്ചിരുന്ന വിദേശത്തുനിന്നുള്ള കർമ്മലീത്താസഭയുടെ മൂന്നാംസഭയായി പുതിയ സന്യാസസഭയെ അംഗീകരിച്ചുകൊണ്ട്, ഒരു കർമ്മലീത്താക്കാരൻ കൂടിയായിരുന്ന വരാപ്പുഴ മെത്രാപ്പോലീത്താ ബർണർഡൈൻ ബച്ചിനെല്ലി 1860 ഒക്ടോബർ 1-ന് കല്പന പുറപ്പെടുവിച്ചു. സഭയുടെ തുടർന്നുള്ള വളർച്ച അത്ഭുതാവഹമായിരുന്നു. കൂനമ്മാവ്, വാഴക്കുളം, മുത്തോലി തുടങ്ങിയ സ്ഥലങ്ങളിൽ ശാഖാഭവനങ്ങൾ സ്ഥാപിക്കുവാൻ ഏറെനാൾ വേണ്ടിവന്നില്ല.

## പ്രാർത്ഥന ശക്തിസ്രോതസ്

ദൈവത്തിന്റെ അനന്ത പരിപാലനയിൽ പൂർണ്ണമായും ആശ്രയിച്ചുകൊണ്ടാണ് ചാവറ അച്ചൻ ഏതുകാര്യവും ചെയ്തിരുന്നത്.

ക്ലേശങ്ങളിലൂടെ കടന്നുപോകേണ്ടിവന്നിട്ടുണ്ടെങ്കിലും ഒരിക്കലും പരാജയത്തിന്റെ കയ്പുനീരു കുടിക്കേണ്ടിവന്നിട്ടില്ല. എല്ലാറ്റിന്റെയും ആദികാരണനായ ദൈവത്തെ വിശ്വാസത്തിന്റെ ദൃഷ്ടിയിലൂടെ ഉറ്റു നോക്കുന്നതിനും അവിടുന്നിൽ പൂർണ്ണമായി ആശ്രയിക്കുന്നതിനും അദ്ദേഹത്തിനു സാധിച്ചു.

ഒരു ദൈവിക മനുഷ്യനായിരുന്നു വാഴ്ത്തപ്പെട്ട ചാവറയച്ചൻ. വൈദികരും സന്യസ്തരും അത്മായരും അപ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

അച്ചൻ ഒരു ധ്യാനയോഗിയായിരുന്നു. ഈശ്വരോന്മുഖതയായിരുന്നു അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ ഏറ്റം സമ്പന്നമായ വശം. പ്രാർത്ഥന ആയിരുന്നു അദ്ദേഹത്തിന്റെ മുഖമുദ്ര. ദൈവത്തോട് അവഗാഢം ബന്ധപ്പെട്ടെങ്കിലേ, മനുഷ്യരെ തമ്മിൽ ഐക്യപ്പെടുത്താൻ സാധിക്കൂ എന്ന് അദ്ദേഹം അറിഞ്ഞിരുന്നു.

ദൈവപിതാവിനെ സ്നേഹസമ്പന്നനായ ഒരു അപ്പച്ചനായിട്ടാണ് അദ്ദേഹം കണ്ടിരുന്നത്. അച്ചന്റെ വീക്ഷണത്തിൽ പ്രാർത്ഥന എന്നാൽ അപ്പനുമായുള്ള സ്നേഹസംഭാഷണമാണ്. ദൈവത്തെ 'ആബാ' എന്നു വിളിക്കാനാണല്ലോ ഈശോ പഠിപ്പിച്ചത്. ചാവറ അച്ചന്റെ പ്രാർത്ഥന ഈ പിതൃപുത്രബന്ധത്തിന്റെ അനുഭവവും ആസ്വാദനവുമാണ്. മുപ്പത്തിരണ്ട് പേജ് മാത്രമുള്ള 'ധ്യാനസല്ലാപ'ങ്ങളിൽ മുപ്പത്തിയൊന്നു പ്രാവശ്യം ദൈവത്തെ 'എന്റെ അപ്പനും', 'നല്ല അപ്പനും' ആയിക്കാണുന്ന 'ആബാനുഭവ'മായിരുന്നു അച്ചൻ സ്വായത്തമാക്കിയിരുന്നത്.

ദൈവത്തിന്റെ കരുതലോടെയുള്ള സ്നേഹത്തെപ്പറ്റി സി.എം.സി. സഭയിലെ സന്യാസിനിമാർക്ക് അദ്ദേഹം എഴുതി. "സ്വന്തം വിശപ്പ് വാക്കുകളിലൂടെ പ്രകാശിപ്പിക്കാൻ കഴിവില്ലാത്ത കുഞ്ഞിനെ യഥാസമയം ഉറക്കത്തിൽ നിന്നുണർത്തി മുലപ്പാൽ കൊടുക്കുന്ന അമ്മയെപ്പോലെയാണ് ദൈവം." ഇത്ര തീക്ഷ്ണമായ ദൈവവിശ്വാസത്തിൽനിന്ന് ചൈതന്യം പ്രാപിച്ചതായിരുന്നു അദ്ദേഹത്തിന്റെ പ്രാർത്ഥന. "ദൈവത്തോട്, ഒരു സ്നേഹിതനോടെന്നപോലെ ചെയ്യുന്ന സംഭാഷണമാണ് പ്രാർത്ഥന" എന്ന് അദ്ദേഹം പറഞ്ഞിരുന്നു. തന്നോടു സംസാരിക്കുവാൻ ദൈവം മനുഷ്യനു നൽകിയ മഹത്തായ ആനുകൂല്യം.

## വൈദിക പരിശീലനത്തിനു മുഖ്യസ്ഥാനം

ഏതൊരു മതത്തിന്റെയും വക്താക്കളായി പ്രവർത്തിക്കുന്നത് പുരോഹിതന്മാരാണ്. അതുകൊണ്ടാണ് കഴിവുറ്റ പുരോഹിതരെ വാർത്തെടുക്കുന്നതിൽ മതങ്ങൾ ശ്രദ്ധചെലുത്തുന്നത്. കത്തോലിക്കാസഭയിലെ പുരോഹിത പരിശീലന കേന്ദ്രങ്ങളാണ് സെമിനാരികൾ. ട്രെന്റ് സൂനഹദോസിനു (1545-1563) ശേഷമാണ് ഇന്നത്തെ രീതിയിലുള്ള സെമിനാരികൾ സ്ഥാപിക്കപ്പെട്ടത്.

സാധാരണ ജനങ്ങൾക്ക് നേതൃത്വം കൊടുക്കേണ്ട വൈദികരുടെ പരിശീലനത്തിന് ചാവറ അച്ചൻ ആദ്യം മുതൽ തന്നെ ശ്രദ്ധ ചെലുത്തി. വിശുദ്ധിയുള്ള വൈദികനേ ദൈവത്തിന്റെയും മനുഷ്യരുടെയും ഇടയിൽ മദ്ധ്യസ്ഥ്യം വഹിക്കുവാൻ സാധിക്കുകയുള്ളൂ എന്ന് അദ്ദേഹം മനസ്സിലാക്കി. പാശ്ചാത്യമിഷനറിമാർ കേരളത്തിൽ ചില സെമിനാരികൾ തുടങ്ങിയിരുന്നുവെങ്കിലും മല്പാന്മാരുടെ കൂടെ താമസിച്ച് പരിശീലനം നേടിയവരായിരുന്നു ചാവറയച്ചനുൾപ്പെടെ ഒട്ടുമിക്ക സുറിയാനി വൈദികരും. പക്ഷേ, അറിവും പാണ്ഡിത്യവുമുള്ള വൈദികർ വളരെ കുറച്ചുപേർ മാത്രമെ ഉണ്ടായിരുന്നുള്ളു. പുണ്യത്തിലും അറിവിലും വൈദികർ, അത്മായരെക്കാൾ അല്പം കൂടെ മുന്നിട്ടുനിൽക്കണം എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

മലബാർ സഭയുടെ വളർച്ച സ്വന്തമായ സെമിനാരി പരിശീലനത്തെ ആശ്രയിച്ചിരിക്കുന്നു എന്നു മനസ്സിലാക്കിയ അച്ചൻ 1833-ൽ മാന്നാനത്ത് സുറിയാനിക്കാരുടേതായ ആദ്യത്തെ സെമിനാരി സ്ഥാപിച്ചു. പലരിൽനിന്നും സംഭാവനകൾ ശേഖരിച്ചും വളരെയധികം ബുദ്ധിമുട്ടിയും സെമിനാരിക്കായി 200 അടി നീളത്തിൽ ഒരു മൂന്നുനില കെട്ടിടം പണികഴിപ്പിച്ചു. 150-ൽ പരം വൈദിക വിദ്യാർത്ഥികൾ അവിടെ പരിശീലനം നേടിയിരുന്നു. 1866-ൽ വാഴക്കുളത്തും 1868-ൽ എൽത്തുരുത്തിലും സെമിനാരികൾ സ്ഥാപിക്കപ്പെട്ടു. 1872-ൽ പുളിങ്കുന്നിൽ ആരംഭിച്ച സെമിനാരിയുടെ കാരണക്കാരനും ചാവറയച്ചൻതന്നെ.

1844-ൽ വരാപ്പുഴ മെത്രാപ്പോലീത്താ ഫ്രാൻസീസ് സേവ്യർ അദ്ദേഹത്തെ അംഗീകരിച്ചു പ്രോത്സാഹിപ്പിക്കുകയും സെമിനാരിയുടെ പൊതുമല്പാനും പരീക്ഷകനുമായി നിയമിക്കുകയും ചെയ്തു. മെത്രാപ്പോലീത്തായുടെ കല്പനയിൽ നിന്ന്:

“താങ്കളെ നമ്മുടെ സുറിയാനി വികാരിയാത്തിലുള്ള സുറിയാനിക്കാരായ സകല വൈദികരുടെയും പരീക്ഷകനായും സകല വൈദിക ശാസ്ത്രങ്ങളുടെയും മാല്പാനായും നിയമിക്കുന്നതിന് നിങ്ങളുടെ സത് ഗുണങ്ങളും കർമ്മകുശലതയും നമ്മെ പ്രേരിപ്പിക്കുന്നു. മുറപ്രകാരം പട്ടം സ്വീകരിക്കുന്നതിന് അർത്ഥികളെ അനുവദിക്കുന്നതിനു മാത്രമല്ല, കുമ്പസാരവും പ്രസംഗവും നടത്തുന്നതിന് പട്ടക്കാർക്ക് അനുമതി നല്കുന്നതിനും ഈ അധികാരപത്രത്തിൽ നിങ്ങളെ നാം ചുമതലപ്പെടുത്തുന്നു. ആകയാൽ ഈ കല്പനയുടെ പരിധിയിൽപ്പെട്ട എല്ലാവരും മേൽപ്പറഞ്ഞ മല്പാന്റെയും പരീക്ഷകന്റെയും സ്ഥാനത്തിലും ഉദ്യോഗത്തിലും നിങ്ങളെ സ്വീകരിച്ച് അനുസരിക്കണമെന്ന് ഞാൻ ആജ്ഞാപിക്കുന്നു.”

ചാവറയച്ചൻ തന്റെ മരണംവരെ സുറിയാനിക്കാരുടെ പൊതു മല്പാനായിരുന്നു. അറിവും വിവേകവും വിശുദ്ധിയുമുള്ള ധാരാളം വൈദികർക്ക് പരിശീലനം നൽകുവാൻ ചാവറയച്ചൻ സ്ഥാപിച്ച സെമിനാരികൾ പ്രയോജനപ്പെട്ടു.

## സ്ത്രീകൾക്കുവേണ്ടി ഒരു സന്യാസിനി സഭ

സഭാശുശ്രൂഷയ്ക്ക് സമർപ്പിതരായ സ്ത്രീകളുടെ സേവനം ആവശ്യമാണെന്നും അതിനു താല്പര്യമുള്ളവർക്കായി ഒരു മഠം തുടങ്ങണമെന്നുമുള്ള ആശയം ആദ്യം മുതലേ ചാവറയച്ചനുണ്ടായിരുന്നു. സ്ത്രീകൾക്കായി ഒരു സന്യാസിനിസഭയും അന്ന് കേരളത്തിലുണ്ടായിരുന്നില്ല. 1855-ൽ പുരുഷന്മാർക്കായുള്ള സഭ ഔദ്യോഗികമായി ആരംഭിച്ചതിനുശേഷം ഒരു സന്യാസിനി സഭയ്ക്കുവേണ്ടിയുള്ള ശ്രമം ആരംഭിച്ചു. 1859-ൽ ആലങ്ങാട്ടും 1860-ൽ പുത്തൻപള്ളിയിലും വ്യവസ്ഥാപിത നീക്കങ്ങൾ നടത്തുകയും ചെയ്തു. വരാപ്പുഴയ്ക്കടുത്ത് മാണമ്പാടി (പുത്തൻപള്ളി)യിൽ മഠത്തിനായി സ്ഥലം വാങ്ങി ഏകദേശം 33 പേർക്ക് താമസിക്കത്തക്ക കെട്ടിടം പണിയുകയും ചെയ്തു. അപ്പോഴാണ് റോക്കോസ് ശീശ്മ കേരള സഭയുടെ മേൽ ആഞ്ഞടിച്ചത്. നല്ല പുരോഹിതരുടെ അഭാവമാണ് ശീശ്മ എളുപ്പത്തിൽ പടർന്നുപിടിക്കാൻ കാരണമായതെന്ന് പലരും അഭിപ്രായപ്പെട്ടു. ആ പ്രത്യേക സാഹചര്യത്തിൽ മഠത്തിനുവേണ്ടി നിർമ്മിച്ച മന്ദിരം, സെമിനാരിയാക്കി ഉപയോഗിക്കാൻ വരാപ്പുഴ മെത്രാപ്പോലീത്തയായിരുന്ന ബർണർദീനോസ് കല്പിച്ചു. ഇപ്പോൾ ആലുവായിലുള്ള മംഗലപ്പുഴസെമിനാരിയുടെ ആരംഭം അപ്രകാരം ആയിരുന്നു.

വിശുദ്ധരും വൈദികരുമായ വൈദികരുടെ ആവശ്യത്തെപ്പറ്റി ചാവറയച്ചൻ അതീവബോധവാനായിരുന്നെങ്കിലും മഠം ആരംഭിക്കുവാൻ കഴിയാതെപോയതിൽ അദ്ദേഹത്തിനു ദുഃഖമുണ്ടായിരുന്നു. അങ്ങനെയിരിക്കെയാണ് കർമ്മലീത്താ മൂന്നാംസഭയുടെ ഡെലഗേറ്റ് പ്രൊവിൻഷ്യലായ ഇറ്റാലിയൻ മിഷനറി ലെയോപ്പോൾദ് ബെക്കാറോ എന്ന കർമ്മലീത്താ മിഷനറി സഹായത്തിനെത്തുന്നത്.

കൂനമ്മാവു കൊവേന്തയ്ക്കടുത്ത് വാകയിൽ വീട്ടിലെ ഏലീശ്വ എന്ന വിധവ, അവരുടെ പുത്രി പതിന്നാലുവയസ്സുകാരി അന്ന, ഏലീശ്വായുടെ സഹോദരി ക്ലാര, വൈക്കംകാരിയായ ഏലീശ്വാ എന്നിവരാണ് സമർപ്പണ ജീവിതത്തിനായി ആദ്യം സന്നദ്ധരായവർ. 1866 ഫെബ്രുവരി 13-ന് ഈ നാലുപേരും ലെയോപ്പോൾദ് മിഷനറിയുടെ മുമ്പാകെ വ്രതവാഗ്ദാനം നടത്തി സന്യാസിനികളായി.

ഇൻഡ്യയിലെ പ്രഥമ സന്യാസിനി സഭ - കോൺഗ്രിഗേഷൻ ഓഫ് ദ മദർ ഓഫ് കാർമ്മൽ (സി.എം.സി.) ഇപ്രകാരമാണ് സ്ഥാപിതമായത്. കർമ്മലീത്താ മൂന്നാംസഭയുടെ നിയമാവലിയാണ് ചില ഭേദഗതികളോടെ അവർക്കു നൽകിയത്.

ഏലീശ്വായും പുത്രിയും തങ്ങളുടെ വസ്തു കന്യകാലയത്തിന് നൽകിയിരുന്നു. പലരിൽനിന്നും ശേഖരിച്ച 18 രൂപാകൊണ്ട് പനമ്പും മുളയും ഓലയും വാങ്ങി മൂന്നു കിടപ്പുമുറികളും പ്രാർത്ഥനാമുറിയും ഊട്ടുമുറിയും ഉള്ള ഒരു കൊച്ചുകെട്ടിടം പണി തീർത്തു. അതായിരുന്നു സി.എം.സി.യുടെ പ്രഥമഭവനം. മഠത്തിന് ഒരു നല്ല കെട്ടിടം പണിയാനായിരുന്നു ചാവറയച്ചന്റെ അടുത്തശ്രമം. ആയതിലേക്ക് അച്ചൻ ദീർഘയാത്രതന്നെ ചെയ്ത് 8000 രൂപാ ശേഖരിക്കുകയും ഒരുവർഷത്തിനകം പുതിയ മഠം നിർമ്മിക്കുകയും ചെയ്തു.

"സ്ത്രീകളുടെ സമഗ്രവികസനത്തിനായും അവരെ ഭക്തിയിലും ദൈവശുശ്രൂഷയിലും അഭ്യസിപ്പിക്കുന്നതിനും അവർ മൂലം പെൺകുട്ടികളെ ഭക്തമുറയ്ക്കു വളർത്തി കൈവേല, പഠനം മുതലായവ അഭ്യസിപ്പിക്കുന്നതിനും" വേണ്ടിയാണ് മിഷനറിയച്ചനും ചാവറയച്ചനുംകൂടി കന്യകാമഠം സ്ഥാപിച്ചത്. സ്ത്രീകളിലൂടെ കുടുംബത്തെ, സമൂഹത്തെ, സഭയെ നവീകരിക്കുക; ജീവിതവിശുദ്ധി, പുണ്യാഭ്യസനം തുടങ്ങി വിവിധങ്ങളായ ലക്ഷ്യങ്ങൾ സ്ഥാപകർ മുന്നിൽ കണ്ടിരുന്നു.

കൂനമ്മാവു മഠത്തോടു ചേർന്ന് പെൺകുട്ടികൾക്കായി ഒരു ബോർഡിംഗുസ്കൂളും ആരംഭിച്ചു. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിലും സ്വഭാവരൂപവത്ക്കരണത്തിലും അച്ചൻ ചെലുത്തിയ ശ്രദ്ധ ദൂരവ്യാപകമായ സദ്ഫലങ്ങൾ ഉളവാക്കി.

1887 മേയ് 30-ന് റീത്തടിസ്ഥാനത്തിൽ സന്യാസിനീ സഭ രണ്ടായി. മാതൃഭവനമായ കൂനമ്മാവിൽതന്നെ സുറിയാനിക്കാർ താമസിച്ചു. ലത്തീൻകാർ സി.റ്റി.സി. എന്നപേരിലാണ് അറിയപ്പെടുന്നത്.

കൂടുതൽ പെൺകുട്ടികൾ സന്യസ്തജീവിതത്തിന് തയ്യാറായി വന്നതോടെ പുതിയ ശാഖാമഠങ്ങൾ തുടങ്ങേണ്ടത് ആവശ്യമായി തീർന്നു. 1888-ൽ മുത്തോലിയിലും 1890-ൽ വരാപ്പുഴയിലും 1892-ൽ വൈക്കത്തും 93-ൽ ചങ്ങനാശ്ശേരിയിലും 95-ൽ ആലപ്പുഴയിലും തുടർന്ന് മറ്റനേകം സ്ഥലങ്ങളിലും ഈ സന്യാസിനി സഭയുടെ മഠങ്ങൾ സ്ഥാപിക്കപ്പെട്ടു. ഇന്ന് ലോകത്തിന്റെ നാനാഭാഗങ്ങളിൽ തിരുസഭയ്ക്കും ദൈവജനത്തിനും അതുല്യസേവനങ്ങൾ ചെയ്തുകൊണ്ട് സി.എം.സി. മുന്നേറുന്നു.

## വി. കുർബാനയോടുള്ള ഭക്തി

വി. കുർബാനയോടുള്ള ഭക്തിയിൽ ഏവരുടെയും മുന്നിലായിരുന്നു ചാവറയച്ചൻ. അൾത്താര ബാലനായി കുർബാനയിൽ ശുശ്രൂഷചെയ്തിരുന്ന കാലം മുതല്ക്കേ ദിവ്യകാരുണ്യ ഭക്തി അച്ചനിൽ സജീവമായിരുന്നു. പതിവായി ദിവ്യസക്രാരിയുടെ മുമ്പിൽ പ്രാർത്ഥിച്ചുകൊണ്ട് അദ്ദേഹം തന്റെ പ്രവർത്തനങ്ങൾക്ക് ശക്തികണ്ടെത്തി.

ദിവ്യകാരുണ്യ ഈശോയോട് കുഞ്ഞുങ്ങളെപ്പോലെ അദ്ദേഹം ആശ്രയം പുലർത്തിയിരുന്നു. ആത്മപിതാവായിരുന്ന ലെയോപ്പോൾദച്ചൻ, ചാവറയച്ചന്റെ ഭക്തിതീക്ഷ്ണതയെപ്പറ്റി എഴുതി: "കുർബാനചൊല്ലുന്ന നേരത്തിൽ മഹാസൂക്ഷവും ഭക്തിയും അടക്കവുമായി, എത്രയോ വണക്കവും വിശ്വാസവുമായിരുന്നെന്ന് കാണുന്നവർക്കൊക്കെയും ബോധിപ്പാൻ ഇടയുള്ളതായിരുന്നു."

ബഹു. ലൂയിസച്ചന്റെ വാക്കുകൾ: "ദിവ്യകാരുണ്യസന്നിധിയിൽ നില്ക്കുന്ന പിതാവിനെ കാണുമ്പോൾ ഒരു മാലാഖാ നിൽക്കുന്നതായി തോന്നിയിരുന്നു."

ദിവ്യകാരുണ്യഭക്തി കേരളക്കരയിലാകെ പ്രചരിപ്പിക്കുവാൻ അച്ചൻ ഉത്സാഹപൂർവ്വം പരിശ്രമിച്ചു.

"കഴിയുന്നതായാൽ ദിവസവും കുർബാന കാണുക. പ്രയാസമെങ്കിൽ തിങ്കളാഴ്ച മരിച്ച വിശ്വാസികൾക്കുവേണ്ടിയും വെള്ളിയാഴ്ച ഈശോയുടെ പീഡാനുഭവങ്ങളുടെ ഭക്തിക്കായും ശനിയാഴ്ച വ്യാകുലമാതാവിന്റെ ഭക്തിക്കായും കുർബാന കാണുക. വീട്ടിൽ നിന്നും എല്ലാവർക്കും പോകാനാവാത്തതുകൊണ്ട് ഒന്നോ രണ്ടോ പേർ പോകുക."

ദിവ്യകാരുണ്യത്തോട് കേരളീയരുടെ ഇടയിൽ രൂഢമൂലമായ ഭക്തി ഉണ്ടാകുവാൻ ചാവറയച്ചന്റെ പരിശ്രമങ്ങൾ ഏറെ പ്രയോജനപ്പെട്ടു. നാല്പതു മണിക്കൂർ ആരാധന ആരംഭിച്ചത് ചാവറയച്ചനാണ്.

## ദൈവമാതൃഭക്തി

ദൈവമാതൃഭക്തിയിൽ അദ്വിതീയനായിരുന്നു വാഴ്ത്തപ്പെട്ട ചാവറയച്ചൻ. സ്വന്തം അമ്മതന്നെയാണ് മാതാവിനോട് ഭക്തിയുള്ളവനായിരിക്കാൻ കുട്ടിക്കാലത്ത് വേണ്ട പരിശീലനം നൽകിയത്.

കേരള ക്രിസ്ത്യാനികൾ പണ്ടുമുതലേ മാതൃഭക്തരായിരുന്നു. കേരളത്തിലെ പുരാതനങ്ങളായ പല പ്രമുഖ ദേവാലയങ്ങളും മാതാവിന് പ്രതിഷ്ഠിതമാണെന്നുള്ളത് അതിനുത്തമ തെളിവാണ്. ചാവറ അച്ചന്റെ അമ്മ പാതിരാത്രിക്കുശേഷം ഉറക്കമിളച്ചിരുന്ന് കൊന്ത ചൊല്ലിയിരുന്നു.

1854 ഡിസംബർ 8-ന് ആണല്ലൊ ഒമ്പതാം പീയൂസ് മാർപ്പാപ്പാ മാതാവിന്റെ അമലോത്ഭവം വിശ്വാസമായി പ്രഖ്യാപിച്ചത്. അന്ന് എല്ലാ കൊവേന്തകളിലും സാഘോഷമായി കുർബാനയും ദൈവസ്തുതികീർത്തനവും നടത്തണമെന്ന് അച്ചൻ നിർദ്ദേശിച്ചു. ആ മഹത് സംഭവത്തിന്റെ പ്രഥമ വാർഷികത്തിലാണ് സഭ കാനോനികമായി അംഗീകരിക്കപ്പെട്ടതും ആദ്യപിതാക്കന്മാർ വ്രതവാഗ്ദാനം നടത്തിയതും. 'ആത്മാനുതാപം' എന്ന കൃതിയിൽ മാതാവിനെ വളരെ ഭംഗിയായി അച്ചൻ വർണിച്ചിട്ടുണ്ട്.

റോക്കോസ് ശീശ്മയ്ക്കെതിരായ പോരാട്ടത്തിൽ സ്വർഗ്ഗീയ അമ്മയുടെ സഹായത്താലാണ് അദ്ദേഹം വിജയം നേടിയത്. മാതാവിനോടുള്ള ഒരു പ്രാർത്ഥന ചൊല്ലുവാൻ അച്ചൻ എല്ലാവർക്കും നിർദേശം നൽകി. ആ പ്രാർത്ഥന: "ജന്മപാപമില്ലാതെ ഉത്ഭവിച്ച മറിയമേ, തിരുസ്സഭയ്ക്കു നേരിട്ട എല്ലാ നാശങ്ങളെയും നീക്കിയ മാതാവേ, പുതുതായി മുളച്ച ഈ ശിശുസഭയെ അസ്വസ്ഥതപ്പെടു

ത്താതിരിക്കുവാൻ അമ്മ മദ്ധ്യസ്ഥത വഹിക്കണമേ. വി. പത്രോസിന്റെ അധികാരം വഹിക്കുന്ന പരിശുദ്ധ മാർപാപ്പായ്ക്ക് പൂർണ്ണമായ വിധേയത്വം എന്നും എല്ലായിടത്തും ഉണ്ടാകുവാൻ പ്രാർത്ഥിക്കണമേ." ദിവ്യ ഈശോയിൽനിന്ന് പരിശുദ്ധ അമ്മ വഴി എന്തും ലഭിക്കുമെന്ന് അച്ചൻ ആത്മാർത്ഥമായി വിശ്വസിച്ചിരുന്നു.

## വിദ്യാഭ്യാസരംഗത്ത്

കേരളത്തിലെ പരമ്പരാഗത സുറിയാനി ക്രിസ്ത്യാനികൾ വിദ്യാഭ്യാസത്തിൽ വളരെ പിന്നോക്കമായിരുന്നു. അതേസമയം കൃഷിയിലും കച്ചവടത്തിലും മറ്റുസമുദായങ്ങളെ അപേക്ഷിച്ച് ഒന്നാം നിരയിലും നൂറ്റാണ്ടുകളായി സുറിയാനിസഭയെ ഭരിച്ചിരുന്ന വിദേശമിഷനറി മെത്രാന്മാർ വിശ്വാസികളുടെ വിദ്യാഭ്യാസ മുന്നേറ്റത്തിൽ കാര്യമായി ശ്രദ്ധ ചെലുത്തിയിരുന്നില്ല. ഉദയംപേരൂർ സൂനഹദോസിൽ (1599) കൈക്കൊണ്ട ചില തീരുമാനങ്ങളാകട്ടെ പ്രതികൂലമായി ഭവിക്കുകയും ചെയ്തു. സുറിയാനിക്കാർ അന്യമതസ്ഥരായ അദ്ധ്യാപകരുടെ പക്കൽ വിദ്യ അഭ്യസിക്കുന്നതിനെ സൂനഹദോസ് വിലക്കി. സുറിയാനിക്കാരായ ആശാന്മാർ അന്യമതസ്ഥരായ കുട്ടികളെ ആകർഷിക്കുന്നതിനായി ഒന്നും ചെയ്യരുതെന്നും സൂനഹദോസ് കല്പിച്ചു. 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ അന്വേഷണ കമ്മീഷനായി റോമിൽനിന്നും കേരളത്തിലെത്തിയ ഇഗ്നേഷ്യസ് പെർസിക്കോ തന്റെ റിപ്പോർട്ടിൽ എഴുതി: "സുറിയാനിക്കാരെ ഭരിക്കുന്ന കർമ്മലീത്താക്കാർ വിദ്യാഭ്യാസരംഗത്ത് കാര്യമായി ഒന്നും ചെയ്തിട്ടില്ല."

സമൂഹത്തിന്റെയും സമുദായത്തിന്റെയും വളർച്ചയ്ക്ക് വിദ്യാലയങ്ങൾക്കുള്ള പങ്കിനെപ്പറ്റി ചാവറയച്ചൻ തികച്ചും ബോധവാനായിരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസം അന്ന് സുറിയാനിക്കാർക്ക് അനുവദിക്കപ്പെട്ടിരുന്നില്ല. അത് പ്രോട്ടസ്റ്റന്റുകാരുടെ ഭാഷയായി മുദ്രകുത്തപ്പെട്ടിരുന്നു.

ഈ സാഹചര്യത്തിൽ മാന്നാനത്ത് 1846-ൽ ഒരു സംസ്കൃത സ്കൂൾ ആരംഭിച്ചു. ഇംഗ്ലീഷ് ഭാഷ നിഷിദ്ധമായ അന്നത്തെ സാഹചര്യത്തിൽ, സമൂഹത്തിന്റെ മേലേക്കിടയിലുണ്ടായിരുന്നവരുടെ ഇടയിൽ സംസ്കൃതത്തിനുണ്ടായിരുന്ന പ്രാധാന്യം കണക്കാക്കിയായിരിക്കണം അങ്ങനെയൊരു വിദ്യാലയം സ്ഥാപിച്ചത്. അതെപ്പറ്റി ചാവറയച്ചന്റെ സമകാലികനായിരുന്ന പാറപ്പുറത്ത് വർക്കിയച്ചൻ

എഴുതി:

"ഈ സമയം ഒപ്പിച്ച് മാന്നാനം ആശ്രമത്തോടുചേർന്ന് ഒരു സംസ്കൃതസ്കൂളും സ്ഥാപിച്ചിട്ടുണ്ടായിരുന്നു. അതിൽ ഈ ആശ്രമത്തിൽ ചേർന്ന വൈദികരും സമീപെയുള്ള സ്ഥലങ്ങളിൽ നിന്ന് കുട്ടികളും ചേർന്ന് പഠിച്ചിരുന്നു. ഇതിന്റെ നടത്തിപ്പിനായി തൃശൂരിൽനിന്ന് വാര്യർ ജാതിയിൽ ചേർന്ന ഒരു വാദ്ധ്യാരെ വരുത്തിയിരുന്നു. ഇയാൾ മലയാളഭാഷയിലും വളരെ സമർത്ഥനായിരുന്നു."

സുറിയാനിക്കാരുടെ ആദ്യത്തെ സംസ്കൃതസ്കൂളായിരുന്നു അത്. 1887 -ൽ മാന്നാനത്ത് ഇംഗ്ലീഷ് സ്കൂൾ തുടങ്ങിയപ്പോൾ അത് നിർത്തൽ ചെയ്തു.

റോക്കോസ് ശീശ്മയെ സമർത്ഥമായി നേരിടുന്നതിനാണ് വരാപ്പുഴയിലെ ബർണർദീനോസ് മെത്രാപ്പോലീത്താ ചാവറയച്ചനെ വികാർ ജനറാളാ (1861 ജൂൺ 8-ന്)യി നിയമിച്ചത്. റോക്കോസിന്റെ മടക്കയാത്രയ്ക്കുശേഷം സുറിയാനിസഭയിൽ വിവിധങ്ങളായ പരിഷ്ക്കാരങ്ങൾ കൊണ്ടുവരുന്നതിന് വികാർജനറാളിനു സാധിച്ചു. 'ഇടവകകൾ തോറും വിദ്യാലയങ്ങൾ സ്ഥാപിക്കണമെന്നും, അല്ലാത്ത പക്ഷം അംശമുടക്ക് കല്പിക്കണമെന്നും' ഉള്ള ഒരു കല്പന ചാവറയച്ചന്റെ പ്രേരണയാൽ മെത്രാപ്പോലീത്താ പുറപ്പെടുവിച്ചു. കല്പന അനുസരിച്ചില്ലെങ്കിൽ പള്ളികൾ അടച്ചുപൂട്ടുമെന്നുപോലും പറഞ്ഞപ്പോൾ എത്ര വിപ്ലവകരമായ ഒരു തീരുമാനമാണ് വിദ്യാഭ്യാസകാര്യത്തിൽ അദ്ദേഹം എടുത്തതെന്നു കാണാം. ചാവറയച്ചൻ സ്വന്തം കൈപ്പടയിൽ എഴുതിയ സർക്കുലറിൽ മെത്രാപ്പോലീത്തായുടെ ഔദ്യോഗിക മുദ്രയുണ്ട്. കല്പന അനുസരിക്കുന്നുണ്ടോ എന്ന് ഓരോ കൊവേന്തയും അതതിന്റെ അതിർത്തിയിലുള്ള പള്ളികളിൽ അന്വേഷിക്കണമെന്ന് നിഷ്ക്കർഷിക്കയും ചെയ്തിരുന്നു.

## സ്വന്തമായൊരു പ്രസ്

പള്ളിക്കൂടങ്ങളുടെ സ്ഥാപനംവഴി ആരംഭിച്ച വിദ്യാഭ്യാസ വിപ്ലവത്തിന് ഊർജ്ജം പകരാൻ അച്ചടിശാലകൾ ആവശ്യമാണെന്ന് ചാവറയച്ചൻ മനസ്സിലാക്കി. മലയാളത്തിൽ ആത്മീയഗ്രന്ഥങ്ങളോ, പ്രാർത്ഥനാ പുസ്തകങ്ങളോ അക്കാലത്തുണ്ടായിരുന്നില്ല. തിരുവിതാംകൂറിൽ ആകെ ഉണ്ടായിരുന്നത് രണ്ട് അച്ചടിശ്ശാലകൾ മാത്രം; കോട്ടയത്ത് സി.എം.എസ്. പ്രസ്സും, തിരുവനന്തപുരത്ത് ഗവൺമെന്റ് പ്രസും. പ്രോട്ടസ്റ്റന്റ് മതപ്രചരണത്തിനുമാത്രമെ സി.എം.എസ്. പ്രസ്സ്

ശ്രദ്ധിച്ചിരുന്നുള്ളൂ. കത്തോലിക്കരുടെ പുസ്തകങ്ങൾ അച്ചടിക്കാൻ അവർ സമ്മതിച്ചിരുന്നില്ല. ഈ സാഹചര്യത്തിലാണ് സ്വന്തമായി ഒരു പ്രസ്സ് സ്ഥാപിക്കുവാൻ അദ്ദേഹം തീരുമാനമെടുത്തത്.

ഇൻഡ്യയിലെ ആദ്യത്തെ പ്രസ് 1556 സെപ്റ്റംബറിൽ ഗോവായിൽ സ്ഥാപിതമായെങ്കിലും തുടർന്നുള്ള മൂന്നുനൂറ്റാണ്ടുകളിൽ അച്ചടിരംഗം സജീവമായിരുന്നില്ല. 1778- ൽ ബംഗാളിലും 1807-ൽ ബോംബെയിലും പ്രസ്സുകൾ സ്ഥാപിക്കപ്പെട്ടു. 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തിരുവനന്തപുരത്തും കോട്ടയത്തും പ്രസ്സുകൾ ആരംഭിച്ചു.

ഒരു ഭഗീരഥ പ്രയത്നം തന്നെ നടത്തിയാണ് മാന്നാനത്ത് പ്രസ് സ്ഥാപിക്കാൻ ചാവറയച്ചന് സാധിച്ചത്. സാധാരണക്കാർക്ക് അസാദ്ധ്യമായി തോന്നിയ ആ സംരംഭത്തിൽ നിന്ന് പിന്മാറാത്തതുകൊണ്ട് ചാവറയച്ചന് ബുദ്ധിഭ്രമമാണെന്നുപോലും ചിലർ പറഞ്ഞുപരത്തി.

ചാവറയച്ചനും സഹപ്രവർത്തകരും പ്രസ് സ്ഥാപനത്തിനു വേണ്ടി ചെയ്ത പ്രയത്നത്തെപ്പറ്റി ക.നി.മു. സഭയുടെ ചരിത്രത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്.

“കോട്ടയത്തെ അച്ചടി ഉപകരണങ്ങൾ കണ്ട് തിട്ടം വരുത്തുന്നതിന് അവർ സമ്മതിക്കാതിരുന്നതിനാൽ തിരുവനന്തപുരത്തിന് ചാവറയച്ചനും മുട്ടുചിറ പറമ്പിൽ പൗലോസ് കത്തനാരച്ചനും പോകുകയും, അവിടുത്തെ സർക്കാർ അച്ചുകൂടത്തിലെ വേലക്കാരിൽ കത്തോലിക്കരായ ചിലരുടെ സഹായം വഴിക്ക് എല്ലാപണികളുംയഥേഷ്ടം കണ്ടുഗ്രഹിപ്പാൻ സാധിക്കുകയും ചെയ്തു. മേല്പറഞ്ഞ പറമ്പിൽ പൗലോസ് കത്തനാരച്ചൻ ശില്പവേലകളിലും കൗശല പണികളിലും വാസനയും സാമർത്ഥ്യവുമുള്ള ആളായിരുന്നതിനാൽ മടങ്ങി മാന്നാനത്തുവന്നപ്പോൾ, വാഴപ്പിണ്ടികൊണ്ട് ഒരു പ്രസ്സിന്റെ മാതൃക ഉണ്ടാക്കുകയും, അതിനൊപ്പിച്ച് നല്ല പണിക്കാരനായ ഒരാശാരിയെക്കൊണ്ട് ഒരു മരപ്രസ് പണിയുകയും, അതിന്റെ അടിത്തട്ട് (മേശ) കരിങ്കല്ലുകൊണ്ട് പണിതുചേർത്ത് ക്രമപ്പെടുത്തുകയും ചെയ്തു.” (ക.നി.മു. സഭയുടെ ചരിത്രസംക്ഷേപം, ബർണ്ണർദോസ് തോമ്മാപട്ടക്കാരൻ എഴുതിയത്, 1908 പുറം 28).

അക്ഷരം നിർമ്മിക്കുകയായിരുന്നു അടുത്ത ആവശ്യം. തിരുവല്ലാക്കാരൻ ഒരു പാണ്ടിത്തട്ടാനെ മാന്നാനത്ത് കൊണ്ടുവന്ന് അക്ഷരം കൊത്തിച്ചു. പക്ഷേ, അയാൾക്കെതിരെ ഭീഷണി ഉണ്ടായതിനാൽ

പുളിങ്കുന്നിൽ ഒളിപ്പിച്ചു താമസിപ്പിക്കേണ്ടിവന്നു.

ലുദുവീക്കോസ് മെത്രാപ്പോലീത്താ ഇടപെട്ടു സഹായിച്ചതിനാൽ അച്ചടിക്കാനുള്ള അനുമതി രാജകൊട്ടാരത്തിൽ നിന്നു ലഭിച്ചു. വീണ്ടും അച്ചടിവശമുള്ള ആളിനെ കണ്ടെത്തുക; ബയന്റു ചെയ്യാൻ വശമുള്ള ആളിനെകൊണ്ടുവരിക, നാട്ടിലെങ്ങും കിട്ടാതിരുന്ന കടലാസ്സും മഷിയും വരുത്തുക തുടങ്ങി എത്രയെത്ര കടമ്പകൾ കടന്നാണ് ചാവറയച്ചന് തന്റെ ലക്ഷ്യത്തിലെത്താൻ കഴിഞ്ഞത്! പ്രതിസന്ധികളെല്ലാം നേരിട്ട് പ്രസ്സ് സ്ഥാപിച്ചതുവഴി എത്ര വലിയ ജനസേവനവും സമുദായ സേവനവുമാണ് അച്ചൻ ചെയ്തതെന്ന് ഇന്നുള്ളവർക്ക് മനസ്സിലാകുകയില്ലായിരിക്കും.

1846-ൽ 'ജ്ഞാനപീയൂഷം' എന്ന പുസ്തകമാണ് ആദ്യമായി മാന്നാനത്ത് അച്ചടിച്ചത്. മാന്നാനം പ്രസ്സിന്റെ ശാഖയായി കൂനമ്മാവിലും അച്ചൻ ഒരു പ്രസ്സ് സ്ഥാപിച്ചു. ധാരാളം പ്രാർത്ഥനപുസ്തകങ്ങളും ലഘുഗ്രന്ഥങ്ങളും ഈ അച്ചടിശ്ശാലകളിലൂടെ വെളിച്ചം കണ്ടു. കേരളത്തിലെ പ്രഥമദിനപ്പത്രമായ ദീപിക (നസ്രാണിദീപിക) അച്ചടിച്ചു തുടങ്ങിയത് മാന്നാനം സെന്റ് ജോസഫ്സ് പ്രസ്സിൽ ആണ്.

മതപ്രചരണത്തിനുമാത്രമായിട്ടാണ് വിദേശമിഷനറിമാർ പ്രസ് നടത്തിയിരുന്നത്. എന്നാൽ നാടിന്റെയും സമൂഹത്തിന്റെയും വിശാലതാല്പര്യങ്ങൾ സംരക്ഷിക്കാൻ ചാവറയച്ചൻ സ്ഥാപിച്ച മാന്നാനം പ്രസ്സ് പ്രയോജകീഭവിച്ചു.

## ദളിത് സഹോദരങ്ങൾക്കുവേണ്ടി

നൂറ്റാണ്ടുകളായി നിലനിന്നുപോന്നിരുന്ന ചാതുർവർണ്യവ്യവസ്ഥിതിമൂലം സമൂഹത്തിന്റെ എല്ലാ മേഖലകളിലും പിൻതള്ളപ്പെട്ടിരുന്ന ആളുകളാണ് 'ദളിതർ' (അടിച്ചമർത്തപ്പെട്ടവർ) എന്ന പേരിൽ അറിയപ്പെടുന്നത്. ചേരമർ (പുലയർ) സാംബവർ (പറയർ) എന്നീ സമുദായങ്ങളിൽപ്പെട്ടവരായിരുന്നു 'ജാതിയിൽ താണവരായ' അവരിൽ ഭൂരിഭാഗവും. മേൽജാതിക്കാരുടെ ചൂഷണത്തിനും മർദ്ദനത്തിനും വിധേയരായി അസ്വതന്ത്രരും ഒരു വിധത്തിൽ അടിമകളുമായി കഴിയേണ്ടി വന്നിരുന്നു അവരെല്ലാം. ഈ പാവങ്ങളും ദൈവത്തിന്റെ മക്കളാണെന്നും ക്രിസ്തുവിന്റെ രക്ഷ അവർക്കും അവകാശപ്പെട്ടതാണെന്നുമുള്ള ബോദ്ധ്യത്തോടെ അവരുടെ ഉദ്ധാരണത്തിനായി ചാവറയച്ചൻ പ്രവർത്തിച്ചു.

വിദ്യാഭ്യാസത്തിലൂടെ മാത്രമേ അവരെ ഉദ്ധരിക്കുവാൻ സാധിക്കുകയുള്ളൂ എന്ന് അച്ചൻ മനസ്സിലാക്കി. അക്കാലത്ത് സർക്കാർ സ്കൂളുകളിൽ ദളിതർക്ക് പ്രവേശനം നിഷേധിക്കപ്പെട്ടിരുന്നു. കത്തോലിക്കാസഭ വിദ്യാഭ്യാസരംഗത്തേക്ക് കടന്നുവന്നിട്ടില്ലാതിരുന്നതിനാൽ സഭയ്ക്ക് സ്കൂളുകൾ ഇല്ലായിരുന്നു. മേൽജാതിക്കാരുടെ ഭവനങ്ങളിലെ കുട്ടികളെ പഠിപ്പിച്ചിരുന്ന ഹിന്ദു ആശാന്മാർ ദളിത് കുട്ടികളെ പഠിപ്പിക്കാൻ സന്നദ്ധരല്ലായിരുന്നു. ആ പ്രത്യേക സാഹചര്യത്തിൽ ദളിത് ക്രൈസ്തവവിദ്യാർത്ഥികൾക്കായി ആർപ്പൂക്കരയിൽ അച്ചനൊരു സ്കൂൾ സ്ഥാപിച്ചു. കുട്ടികളെ സ്കൂളിലെത്തിക്കാൻ ചാവറയച്ചൻ മുൻകൈ എടുത്തു. അവർ പഠനം മുടക്കാതിരിക്കാൻ പാഠപുസ്തകം, വസ്ത്രം, ഉച്ചക്കഞ്ഞി തുടങ്ങിയവ സൗജന്യമായി നൽകുകയും ചെയ്തു.

സാധുക്കളായ കുട്ടികളെ ഉദ്ദേശിച്ച് അച്ചൻ നടപ്പാക്കിയ മറ്റൊരു പ്രസ്ഥാനമാണ് പിടിയരി ശേഖരിക്കുക. എല്ലാ ക്രിസ്തീയ ഭവനത്തിനും ഓരോ പാത്രം അദ്ദേഹം നല്കി. കഞ്ഞി വയ്ക്കാൻ അരിയെടുക്കുമ്പോൾ ഉണ്ണീശോയുടെ ഒരു നിശ്ചിതപ്രാർത്ഥന ചൊല്ലിക്കൊണ്ട് ഒരുപിടി അരി ഈ പാത്രത്തിൽ ഇടുവാൻ വീട്ടമ്മമാർക്ക് നിർദ്ദേശം നൽകി. മാസത്തിലൊരിക്കൽ എല്ലാവീടുകളിൽനിന്നും അരിശേഖരിക്കും. അതുവഴി ദളിത് ക്രൈസ്തവവിദ്യാർത്ഥികളുടെ ഉച്ചഭക്ഷണത്തിനുള്ള അരി എളുപ്പത്തിൽ ശേഖരിക്കാൻ അച്ചനു കഴിഞ്ഞു. അക്ഷരത്തോടൊപ്പം ഭക്ഷണവും കിട്ടുമെന്നായപ്പോൾ കുട്ടികൾക്ക് സ്കൂളിൽ പോകാൻ താല്പര്യവുമായി. ഓരോ ആശ്രമത്തോടനുബന്ധിച്ചും ദളിതർക്കുമാത്രമായി സ്കൂൾ തുടങ്ങാനും അദ്ദേഹം നിർദ്ദേശിച്ചു.

### അനാഥമന്ദിരങ്ങളുടെ ആരംഭം; സാധുജനങ്ങളോടുള്ള കടപ്പാട്

ഇന്ന് നമ്മുടെ നാടിന്റെ നാനാഭാഗങ്ങളിലും അനാഥരും ദരിദ്രരും വൃദ്ധരുമായവർക്ക് ധാരാളം അനാഥമന്ദിരങ്ങളും വൃദ്ധമന്ദിരങ്ങളും പ്രവർത്തിക്കുന്നുണ്ടല്ലോ. എന്നാൽ ഒന്നരനൂറ്റാണ്ടുകൾക്കപ്പുറത്ത് ഇങ്ങനെയൊരു സേവനരംഗത്തെപ്പറ്റി ആരും ചിന്തിച്ചിരുന്നില്ല.

സ്വന്തം സമുദായത്തെയും സഭയെയും മാത്രമല്ല, സമൂഹത്തെയാകമാനം ആശ്ലേഷിക്കുന്നതായിരുന്നു ചാവറയച്ചന്റെ സഹോദരസ്നേഹം. അത് ജാതിയുടെയോ മതത്തിന്റെയോ വേർതിരിവുകളെ

അംഗീകരിക്കുന്നതായിരുന്നില്ല. 'അന്യർക്ക് വല്ല ഉപകാരവും ചെയ്യാത്തദിവസം തന്റെ ആയുസ്സിന്റെ കണക്കിൽ കൂട്ടുന്നതല്ല' എന്ന് അദ്ദേഹം അനുയായികളെ അനുസ്മരിപ്പിച്ചു.

അഗതികൾക്ക് സ്ഥിരമായ അഭയസ്ഥാനം നൽകുക ഏറ്റവും പ്രധാനപ്പെട്ട ഒരു ദൗത്യമായി അച്ചൻ കണക്കാക്കി. ഇപ്രകാരമുള്ള ആദ്യത്തെ ഭവനം കൈനകരിയിലാണ് സ്ഥാപിക്കപ്പെട്ടത്. ആ സ്ഥാപനത്തിന് നൽകിയ പേര് 'പരസ്പരസ്നേഹ ധർമ്മശാല' എന്നായിരുന്നു. താമസസൗകര്യത്തോടൊപ്പം വസ്ത്രം, ഭക്ഷണം തുടങ്ങിയ അവശ്യകാര്യങ്ങളെല്ലാം അദ്ദേഹം തന്നെ ക്രമപ്പെടുത്തി കൊടുത്തു. ഭാരതത്തിലെതന്നെ പ്രഥമ അനാഥ സംരക്ഷണകേന്ദ്രത്തിനാണ് ചാവറയച്ചൻ തുടക്കമിട്ടത്.

മാത്രവുമല്ല, സഹായാർത്ഥം വാതിൽക്കൽ മുട്ടിവിളിക്കുന്ന ദരിദ്രരെ വെറുംകൈയോടെ പറഞ്ഞയയ്ക്കുന്നതും, കൂലിവേല ചെയ്യുന്നവന് മാന്യമായ കൂലി യഥാസമയം നൽകാതിരിക്കുന്നതും പാപകരമായ മനസ്ഥിതിയും പ്രവൃത്തിയുമാണെന്നും അദ്ദേഹം ജനങ്ങളെ പഠിപ്പിച്ചു. കൂലിക്കാരന്റെ വിയർപ്പ് ഉണങ്ങുന്നതിനു മുമ്പേ അവന്റെ കൂലി കൈയിലെത്തിയിരിക്കണമെന്ന നിർബന്ധം ജോലി ചെയ്യിക്കുന്നവർക്കുണ്ടായിരിക്കണമെന്ന് അദ്ദേഹം നിഷ്ക്കർഷിച്ചു. അതുപോലെതന്നെ, അവഗണിക്കപ്പെട്ടവന്റെയും അവഹേളിക്കപ്പെട്ടവന്റെയും മാന്യമായ കൂലിയോ യുക്തമായ സഹായമോ കിട്ടാത്തവന്റെ കണ്ണുനീർ, അതു നൽകാൻ കടപ്പെട്ടവനെതിരേയുള്ള പ്രതികാരത്തിന്റെ നിലവിളിയായി ദൈവസന്നിധിയിൽ നിലനിൽക്കുമെന്നും, അത് കൊടുത്തുതീരുന്നതുവരെ അതിനു കടപ്പെട്ടവന് സമാധാനം ലഭിക്കുകയില്ലെന്നും അച്ചൻ ഉൽബോധിപ്പിച്ചു.

## മരണസഹായസംഘം

ദരിദ്രരും അവഗണിക്കപ്പെട്ടവരുമായ പല വൃദ്ധജനങ്ങൾക്കും മാന്യമായ രീതിയിൽ മരിക്കുന്നതിനുള്ള സാഹചര്യം അന്നുണ്ടായിരുന്നില്ല. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ അവന്റെ ജീവിതസായാഹ്നത്തിലെത്തുമ്പോൾ കറിവേപ്പിലപോലെ പുറന്തള്ളപ്പെടുവാൻ പാടില്ല. ചില ദരിദ്രകുടുംബങ്ങൾ മരണാവസരങ്ങളിൽ സാമ്പത്തികപരാധീനതമൂലം വളരെയധികം ബുദ്ധിമുട്ടുന്നുവെന്ന് ചാവറയച്ചനു മനസ്സിലായി. അതിനൊരു പരിഹാരമെന്നവണ്ണം അദ്ദേഹം സ്ഥാപിച്ച ഒരു പ്രസ്ഥാന

മാണ് 'മരണസഹായസംഘം'. ഒരു പ്രദേശത്തെ എല്ലാ കുടുംബങ്ങളെയും ഈ സംഘത്തിൽ അംഗങ്ങളാക്കാൻ അച്ചൻ പരിശ്രക്കുകയും ഒരു നിശ്ചിത തുക മാസംതോറും ശേഖരിക്കുകയും ചെയ്തു. മരണസഹായസംഘത്തിൽ നിന്നുള്ള സഹായം അനേകം സാധുകുടുംബങ്ങൾക്ക് വലിയ ആശ്വാസമായി ഭവിച്ചു. സാമ്പത്തിക സഹായത്തിനുപരി സംഘാംഗങ്ങളെല്ലാവരും അവരുടെ കുടുംബാംഗങ്ങളും മരിച്ചുപോയ ആളിന്റെ ഭവനത്തിൽ ഒത്തുചേർന്ന് പ്രാർത്ഥിക്കുകയും മരണാനന്തര ശുശ്രൂഷയിൽ പങ്കെടുക്കുകയും ചെയ്തിരുന്നു.

## കവിയും ഗ്രന്ഥകാരനും

ബഹുമുഖപ്രതിഭയായിരുന്ന വാഴ്ത്തപ്പെട്ട ചാവറയച്ചൻ ഒരനുഗൃഹീത കവിയും ഗ്രന്ഥകാരനും കൂടിയായിരുന്നു. മലയാളസാഹിത്യത്തിന് ഗണ്യമായ സംഭാവനകൾ നൽകാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. എങ്കിലും സാഹിത്യരംഗത്ത് അച്ചൻ തീർത്തും അവഗണിക്കപ്പെട്ടുപോയി എന്നു പറയാതിരിക്കാൻ വയ്യാ.

ആത്മാനുതാപം, മരണവീട്ടിൽ പാടുന്ന പാന, അനസ്താസ്യായുടെ രക്തസാക്ഷിത്വം, ധ്യാനസല്ലാപങ്ങൾ, റോക്കോസ് ശീശ്മയുടെ ചരിത്രം, പാലയ്ക്കൽ മല്പാനച്ചന്റെയും പോരൂക്കര മല്പാനച്ചന്റെയും ജീവചരിത്രങ്ങൾ തുടങ്ങിയവ അച്ചന്റെ കൃതികളാണ്. മലയാളത്തിൽ ഖണ്ഡകാവ്യത്തിന്റെ സാമാന്യമായ രൂപഘടന ഏതാണ്ടൊക്കെ ഒത്തുവരുന്ന ആദ്യകൃതിയാണെന്നു പറയാം 'അനസ്താസ്യായുടെ രക്തസാക്ഷിത്വം.' എ.ആർ. രാജരാജവർമ്മയുടെ 'മലയവിലാസം' പുറത്തിറങ്ങുന്നതിന് മുപ്പതുകൊല്ലം മുമ്പാണ് ഈ കാവ്യം പ്രസിദ്ധപ്പെടുത്തിയത്.

1868-ൽ എഴുതപ്പെട്ട 'ധ്യാനസല്ലാപങ്ങൾ' എന്ന ഗദ്യകൃതി അച്ചന്റെ അടിയുറച്ചതും അഗാധവുമായ ആത്മീയതയുടെ തെളിവാണ്. 'അപ്പാ' എന്നാണ് അതിൽ ദൈവത്തെ അഭിസംബോധന ചെയ്തിരിക്കുന്നത്. ഈശോയോടും കന്യകാമറിയത്തോടും വി. ത്രേസ്യായോടും നടത്തുന്ന ആത്മീയ സംഭാഷണമാണ് ഉള്ളടക്കം. പ്രാർത്ഥന, ധ്യാനം എന്നിവ എന്താണെന്നും അച്ചൻ വിശദീകരിക്കുന്നുണ്ട്.

'ആത്മാനുതാപം' എന്ന കൃതിയിൽ ക്രിസ്തുവിന്റെയും കന്യകാമറിയത്തിന്റെയും ജീവിതാനുഭവങ്ങൾ പ്രതിപാദിക്കുന്നതുവഴി,

അദ്ദേഹം തന്റെ സ്വന്തം ജീവിതത്തിലേയ്ക്കാണ് ഇറങ്ങിച്ചെല്ലുന്നത്. ഈശോയ്ക്കും മാതാവിനും നേരിട്ട ദുഃഖത്തിനുകാരണം തന്റെ പാപങ്ങളാണെന്ന് ഏറ്റുപറഞ്ഞുകൊണ്ട് കവിഹൃദയം നൊന്തുകരയുകയാണ്.

ചരിത്രരേഖകൾ സൂക്ഷിക്കുന്നതിന്റെ പ്രാധാന്യം ശരിക്കും മനസ്സിലാക്കിയ ആളായിരുന്നു ചാവറയച്ചൻ. അദ്ദേഹം അഞ്ച് വാല്യങ്ങളിലായി പ്രസിദ്ധീകരിച്ച 'നാളാഗമങ്ങൾ' 1825 മുതൽ 1870 വരെയുള്ള കേരളസഭാചരിത്രമാണ്. പ്രാചീനഭാരതത്തിലും കേരളത്തിലും ചരിത്രത്തോടും ചരിത്രരേഖകളോടും പ്രതിപത്തിയില്ലാതിരുന്ന ഒരു കാലഘട്ടത്തിൽ, ചരിത്രരേഖകളോട് അച്ചൻ പ്രദർശിപ്പിച്ച താല്പര്യം ഏറ്റം അഭിനന്ദനം അർഹിക്കുന്നു. ജീവിതകാലം മുഴുവനും വിവിധങ്ങളായ കർത്തവ്യങ്ങളിൽ വ്യാപൃതനായിരുന്നെങ്കിലും കേരളസഭാതനയരുടെ പൊതുനന്മയ്ക്കായി ആത്മീയപ്രബോധനങ്ങളടങ്ങിയ ഏതാനും ഗ്രന്ഥങ്ങൾ രചിക്കാനുള്ള സമയവും സൗകര്യവും അദ്ദേഹം കണ്ടെത്തിയെന്നത് എടുത്തുപറയേണ്ട കാര്യമാണ്.

## ക്രൈസ്തവ കുടുംബം

കുടുംബജീവിതത്തിന്റെ നാനാവശങ്ങളെ സൂക്ഷ്മതലങ്ങളിൽ സ്പർശിക്കുന്ന ഒരു ഗ്രന്ഥം, ആസന്നമരണനായ ഒരു പിതാവ് തന്റെ മക്കൾക്കു നൽകുന്ന ഉപദേശരൂപേണ, ചാവറയച്ചൻ എഴുതുകയുണ്ടായി. 'ഒരു നല്ല അപ്പന്റെ ചാവരുൾ' എന്ന ലഘുഗ്രന്ഥം തന്റെ തറവാട്ടുകാരും ബന്ധുക്കളും താമസിക്കുന്ന കൈനകരിപ്പള്ളി ഇടവകയിലെ വിശ്വാസികൾക്കുവേണ്ടി തയ്യാറാക്കിയ മരണശാസനമാണ്.

'നല്ല ക്രിസ്ത്യാനികുടുംബം ആകാശമോക്ഷത്തിന്റെ സദൃശ്യമാകുന്നു' എന്ന ബോദ്ധ്യത്തിലുറച്ചുനിന്നുകൊണ്ടാണ് അച്ചന്റെ ഉപദേശങ്ങൾ. വാഴ്ത്തപ്പെട്ട ചാവറയച്ചൻ കേരളത്തിനു നൽകിയിട്ടുള്ള അനേകം മഹനീയ സംഭാവനകളിൽ സുപ്രധാനമായവയാണ് കുടുംബനവീകരണത്തിനുള്ള നിർദ്ദേശങ്ങൾ. അവയിൽ ഏതാനും ചിലത് താഴെച്ചേർക്കുന്നു.

1. നിങ്ങൾ തമ്മിൽ തമ്മിൽ ഉപവിയായിരിപ്പിൻ; സ്നേഹമായിരിപ്പിൻ. ഓരോരുത്തന്റെ അറ്റകുറ്റങ്ങളും കുറവുകളും നിങ്ങൾ തമ്മിൽ തമ്മിൽ ക്ഷമിപ്പിൻ. ഇപ്രകാരം ചെയ്താൽ ഈ ലോകത്തിൽ സമാധാനവും പരലോകത്തിൽ നിത്യഭാഗ്യവും നിങ്ങൾ അനുഭവിക്കും.

2. സർക്കാർ വഴക്കുകൾ കുടുംബങ്ങളെ നശിപ്പിക്കുന്നു. എത്ര ന്യായമുള്ള സംഗതികളെക്കുറിച്ചായിരുന്നാലും സർക്കാരിൽ പോകാതിരിക്കയായിരുന്നു നന്ന്, എന്ന് കടശ്ശി പറയുവാൻ ഇടയാകുകയും ചെയ്യും.

3. ഞായറാഴ്ച മുതലായ കടമുള്ളദിവസങ്ങളിൽ അടിയന്തിരങ്ങൾ മുതലായവ കഴിക്കുന്നത് വളരെ ദോഷങ്ങൾക്കും ആത്മനാശങ്ങൾക്കും കാരണമായ ഒരു സംഗതിയാകുന്നു. ഇതു കർത്താവിന്റെ ദിവസമാകുന്നു.

4. പ്രത്യേകമുള്ള ആവശ്യങ്ങൾക്കല്ലാതെ പണം വായ്പവാങ്ങിക്കേണ്ടാ. മുമ്പിൽ വാങ്ങിച്ചിട്ടുണ്ടായിരുന്നാൽ പാടുപോലെ വേഗം തീർക്കാൻ ശ്രമിക്കണം. ഉപവിയെക്കുറിച്ചല്ലാതെ പണം വായ്പകൊടുക്കുകയും വേണ്ട.

5. ദ്രവ്യമുള്ള ഭാവവും അവസ്ഥയും കാട്ടേണ്ട. ഉള്ളഭാവം മുഴുവനും കാട്ടുന്നവൻ അവസ്ഥയിൽ കുറഞ്ഞവനാകുന്നു.

6. ഓരോ അടിയന്തിരങ്ങൾ കഴിക്കുന്നതിൽ സ്വന്തസ്വത്തിനും പ്രാപ്തിക്കും തക്കവണ്ണം ചട്ടമുള്ളതിൽ അധികം ആഘോഷവും ചിലവും ചെയ്യേണ്ട. അതെന്തെന്നാൽ എല്ലായ്പ്പോഴും അതിൻവണ്ണം പാടുണ്ടാകുമോ എന്നറിഞ്ഞുകൂടാ.

7. ക്രമവും ദൈവപേടിയുമില്ലാത്ത തറവാടുകളോട് ബന്ധുത്വം പിടിക്കേണ്ട. എന്തുകൊണ്ടെന്നാൽ ഒരു കുടുംബത്തിൽ, ഉപകാരവും സന്തോഷവും വരുത്തുന്നത് ദ്രവ്യസ്ഥന്മാരായുള്ള ബന്ധുക്കളല്ല; പിന്നെയോ ക്രമവും ദൈവപേടിയുമുള്ള ബന്ധുക്കളത്രേ ആകുന്നു.

8. എല്ലാവിധ ആളുകളേയും വീട്ടിൽ കയറ്റേണ്ട, പിന്നെയോ നല്ല മര്യാദയും ദൈവപേടിയുമുള്ളവരെ മാത്രം കൈക്കൊള്ളുക.

9. നിന്റെ വീട്ടിൽ ക്രമമല്ലാത്ത വർത്തമാനങ്ങളും ക്രിസ്ത്യാനികൾക്ക് ചേരാത്തവചനങ്ങളും ശേഷം പേരുടെ അറ്റകുറ്റങ്ങളെ പറയുവാനും പിറുപിറുക്കാനും ചട്ടമില്ലായെന്നും, സംസാരത്തിനടുത്തവീടല്ലായെന്നും എല്ലാവരും അറിവാൻ തക്കവണ്ണം കാട്ടുക. മറ്റൊരുത്തന്റെ ദോഷത്തിന്റെ വർത്തമാനം നിന്റെ വീട്ടിൽ പറയപ്പെടുമ്പോൾ ആ ദോഷത്തിനുള്ള ശിക്ഷ നിന്റെ വീടിന്മേൽ വരികയും ചെയ്യും.

10. നിന്റെ അന്തസ്സിനു തക്കവണ്ണം വേലയെടുക്കുക. വേലയെടുക്കാതിരിക്കുന്നത് ബഹുമാനമുള്ള ആളുകളുടെ മുറയല്ല; പിന്നെയോ വീടും കുടിയും സന്തതിയും ഇല്ലാത്തവരുടെ നടപ്പാകുന്നു. മടി സർവ്വദുർഗുണങ്ങളുടെയും മാതാവാകുന്നു; പ്രത്യേകം മദ്യപാനത്തിന്റെ കാരണവുമാകുന്നു. മദ്യപാനം ലോകത്തിന്റെ മുമ്പാകെ എത്രയും അപമാനമുള്ളതും തമ്പുരാന്റെ തിരുമുമ്പിൽ എത്രയും ദോഷമുള്ളതും ആകുന്നു.

11. കച്ചവടം മഹാസൂക്ഷത്തോടും നീതിയോടും കൂടെ ചെയ്യേണ്ടതാകുന്നു. നീതികുറവായിട്ടുള്ള യാതൊരു കച്ചവടക്കാരനും ഒരിക്കലും ഒരു നിലയായി നിന്ന് പ്രകാശിച്ചിട്ടില്ല. സൂത്രംകൊണ്ടും കള്ളംകൊണ്ടും ഉണ്ടാക്കപ്പെട്ട ദ്രവ്യം മഞ്ഞുപോലെ വേഗമലിഞ്ഞുപോകും.

12. അധികധാരാളിത്തവും ലുബ്ധും രണ്ടും തിന്മയാകുന്നു.

13. നിനക്ക് സ്നേഹിതന്മാർ അധികം വേണ്ട; പിന്നെയോ ആയിരം പേരിൽ നിന്ന് സൂക്ഷിച്ചു ഒരുത്തനെ തിരഞ്ഞെടുക്കുക. തമ്പുരാനെ സ്നേഹിക്കാത്തവൻ സത്യമായി നിന്നെയും സ്നേഹിക്കയില്ല.

14. കട്ടവസ്തു ഒരു നാഴിക നേരത്തെയ്ക്കെങ്കിലും നിന്റെ വീട്ടിൽ വച്ചു സൂക്ഷിപ്പാൻ നീ സമ്മതിക്കേണ്ട. കട്ടവസ്തു ഇരിക്കുന്ന വീട് കത്തിപ്പോകുമെന്ന് റൂഹാദക്കുദിശാ തമ്പുരാൻ അരുളിചെയ്തിരിക്കുന്നു.

15. വേലക്കാർക്ക് ന്യായമുള്ള കൂലികൊടുക്കാതിരിക്കയോ താമസിക്കുകയോ ചെയ്യരുത്. എന്തെന്നാൽ ഇത് ദൈവത്തിന്റെ പക്കൽ നിലവിളിക്കുന്ന പാപം ആകുന്നു.

16. ഒരു കുടുംബത്തിന്റെ പ്രധാന സമ്പത്ത് ദൈവപേടിയും ഭക്തിയും തന്നെ. ദിവസംതോറും കുർബാന കാണുക.... ഒരു വീട്ടിൽ നിന്ന് എല്ലാവരും പോയി കുർബാന കാണ്മാൻ പാടില്ലാത്ത പക്ഷം ഓരോദിവസം ഒന്നോ രണ്ടോ ആളുകളെങ്കിലും മാറിമാറിപ്പോയി കുർബാന കാണേണ്ടതാകുന്നു.

17. ഇരിപ്പിലും നടപ്പിലും കിടപ്പിലും കളിയിലും വിരക്തി അഥവാ അടക്കമെന്ന പുണ്യം മഹാ സൂക്ഷത്തോടെ അനുസരിക്ക... കൊച്ചുകുഞ്ഞുങ്ങളെ ഉടുപ്പുകൂടാതെ വീട്ടിനകത്തുകൂടെയും നടത്തരുത്... ക്രമമല്ലാത്ത വചനങ്ങളും ദൂഷണങ്ങളും അവ

രുടെ മുമ്പാകെ പറയരുത്.... അച്ചനമ്മമാരുടെ മുറിയിൽ മക്കളെ കിടത്തരുത്. ആൺ പൈതങ്ങളും പെൺ പൈതങ്ങളും ഒരുമിച്ച് ഒരു മുറിയിൽ കിടക്കുന്നതിനും അനുവദിക്കരുത്..... കുട്ടികളെ സംബന്ധക്കാരുടെ വീടുകളിൽ താമസിപ്പിക്കരുത്. എന്തെന്നാൽ പലപ്പോഴും അവർ മാലാഖാമാരായി പോവുകയും പിചാശുക്കളായി പിന്തിരിയുകയും ചെയ്യുന്നു.

18. വൈകിട്ട് കുരിശുമണി അടിക്കുമ്പോൾ മക്കളെല്ലാവരും വീട്ടിലുണ്ടായിരിപ്പാനും നമസ്ക്കാരം കഴിഞ്ഞാലുടൻ അവർ സ്തുതിചൊല്ലി അപ്പന്റെയും അമ്മയുടെയും കൈമുത്താനും അവരെ ശീലിപ്പിക്കണം.

19. കടമുള്ള ദിവസങ്ങളിൽ കുർബാന കണ്ടതുകൊണ്ടു മതിയാകാതെ ദിവസത്തിന്റെ വലിയപങ്കും പ്രസംഗം കേൾക്കുക, നല്ല പുസ്തകങ്ങൾ വായിക്കുക മുതലായ സൽക്കർമ്മങ്ങളിലും രോഗികളെ, പ്രത്യേകം സാധുക്കളായ ദീനക്കാരെ ചെന്നുകണ്ട് അവർക്കു ശുശ്രൂഷചെയ്യുന്നതിലും ചിലവഴിക്കുന്നു.

20. മക്കൾക്ക് അന്തസ്സ് തിരഞ്ഞെടുക്കുന്ന പ്രായം വരുമ്പോൾ അവർക്ക് അതിൽ പൂർണ്ണ സ്വാതന്ത്ര്യം അനുവദിക്കണം. എന്തുകൊണ്ടെന്നാൽ അവരുടെ അന്തസ്സിനെ നിശ്ചയിക്കുന്നത് ദൈവത്തിന്റെയും അതിനെ തിരഞ്ഞെടുക്കുന്നത് അവരുടെയും കാര്യമാണ്.

21. കാരണവന്മാർ മരിക്കുന്നതിനുമുമ്പിൽ തന്നെ മക്കളെ മാറ്റി കുടിമതിയായി പാർപ്പിക്കുക. ബോധത്തിനു ബലക്ഷയം വരുന്നതിനു മുമ്പിൽ അവർക്ക് വസ്തുക്കൾ ഭാഗം ചെയ്തുകൊടുക്കുക. ഇതല്ലാഞ്ഞാൽ മരണത്തിന്റെ ശേഷം അവർ തമ്മിൽ ഉണ്ടാകുന്ന വഴക്ക്, തർക്കം മുതലായ പാപങ്ങൾക്ക് മാതാപിതാക്കന്മാർ ഉത്തരവാദികളാകും.

ഒന്നര നൂറ്റാണ്ടുമുമ്പ് വാഴ്ത്തപ്പെട്ട ചാവറയച്ചൻ നിർദേശിച്ച കാര്യങ്ങൾ ഇന്നും എത്രയോ പ്രസക്തമാണ്.

## ചാവറയച്ചനും അൽഫോൻസാമ്മയും

1986 ഫെബ്രുവരി 8-ന് കോട്ടയം നാഗമ്പടം മൈതാനിയിലെത്തിയ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പാ കേരളസഭയുടെ രണ്ടു

വീരസന്താനങ്ങളെയാണല്ലോ ഒരുമിച്ച് വാഴ്ത്തപ്പെട്ടവരുടെ ഗണ ത്തിലേയ്ക്കുയർത്തിയത്. അവരിലൊരാളായ ചാവറയച്ചൻ ഒരു സന്യാസസഭയുടെ സ്ഥാപകരിൽ ഒരുവനും സുറിയാനികത്തോ ലിക്കരുടെ വികാരി ജനറാളും, വിവിധ മണ്ഡലങ്ങളിൽ പ്രശോ ഭിച്ചവനും ആയിരുന്നെങ്കിൽ, അൽഫോൻസാമ്മ ഭരണങ്ങാനം ക്ലാര മഠത്തിൽ ലോകരാൽ അറിയപ്പെടാതെ ജീവിച്ചു മരിച്ച ഒരു സഹന പുത്രി മാത്രമായിരുന്നു. ചാവറയച്ചൻ 1871-ൽ നിര്യാതനായി. അൽഫോൻസാമ്മയാകട്ടെ എഴുപത്തിയഞ്ച് വർഷങ്ങൾ കഴിഞ്ഞ് 1946-ലാണ് മരിച്ചത്.

ചാവറയച്ചന്റെ ജീവിതവിശുദ്ധിയെക്കുറിച്ച് കേട്ടുകേൾവി മാത്രമെ അൽഫോൻസാമ്മയ്ക്കുണ്ടായിരുന്നുള്ളൂ. എങ്കിലും അവൾ ചാവറയച്ചന്റെ ഒരു ഭക്തയായിരുന്നു. അച്ചന്റെ മാദ്ധ്യസ്ഥ്യം തേടി യാൽ ഉദ്ദിഷ്ടകാര്യം ലഭിക്കുമെന്ന് അമ്മ ഉറച്ചുവിശ്വസിച്ചിരുന്നു.

രോഗശയ്യയിലായിരുന്നപ്പോൾ രണ്ടുതവണ ചാവറയച്ചൻ അൽഫോൻസാമ്മയ്ക്ക് പ്രത്യക്ഷപ്പെട്ടിട്ടുള്ളതായി അമ്മയുടെ ജീവ ചരിത്രത്തിൽ വായിക്കുന്നു.

ചങ്ങനാശ്ശേരിയിൽ ഒരു നോവീസായി ജീവിച്ചിരുന്ന കാലത്ത് കലശലായ രക്തസ്രാവംമൂലം അൽഫോൻസാമ്മ വളരെയധികം ക്ലേശിച്ചിരുന്ന അവസരം. അല്പം ആശ്വാസം കിട്ടുന്നതിനും സഹി ക്കാനുള്ള ശക്തിലഭിക്കുന്നതിനും വേണ്ടി അൽഫോൻസാ ചാവ റയച്ചനോട് തീക്ഷ്ണമായി പ്രാർത്ഥിച്ചു; നവനാൾ പ്രാർത്ഥനചൊ ല്ലി. പ്രാർത്ഥനയുടെ ഒൻപതാം ദിവസം ചാവറയച്ചൻ അൽഫോൻസാമ്മയ്ക്ക് പ്രത്യക്ഷപ്പെട്ടുപറഞ്ഞു.

"ഈ ദിനം സുഖമായിരിക്കുന്നു. ഇനിമേൽ ഈ രോഗം നിന ക്കുണ്ടായിരിക്കയില്ല. എങ്കിലും നീ മറ്റുപലരോഗങ്ങളാൽ പീഡിപ്പി ക്കപ്പെടും." പിറ്റേദിവസം അമ്മ പൂർണ്ണ സൗഖ്യവതിയായി കാണ പ്പെട്ടു.

പനിയും ചുമയും മൂലം അൽഫോൻസാമ്മ കഠിനമായി കഷ്ട പ്പെട്ട മറ്റൊരവസരം. ഡോക്ടർമാരുടെ ചികിത്സയൊന്നും പ്രയോ ജനപ്പെട്ടില്ല. അമ്മ മറ്റൊരു സഹോദരിയോടൊപ്പം ചാവറയച്ചന്റെ നവനാൾ ആരംഭിച്ചു. ഒമ്പതാം ദിവസം പനി പരിപൂർണ്ണമായും മാറി. 'രാത്രിയിൽ ഏലിയാസച്ചൻ എന്റെ കൈയ്ക്കു പിടിച്ചെണീപ്പിച്ചു' എന്നാണ് അതേപ്പറ്റി അൽഫോൻസാ പിന്നീട് പറഞ്ഞത്.

തനിക്കു ലഭിച്ച രോഗശാന്തിയെപ്പറ്റി തന്നെ സന്ദർശിക്കാനെത്തുന്നവരോടൊക്കെ സിസ്റ്റർ പറയുമായിരുന്നു.

## ഭാരതവത്ക്കരണം

കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികൾ വിശ്വാസത്തിന്റെ കാര്യമൊഴിച്ചാൽ മറ്റെല്ലാത്തിലും രാജ്യത്തുള്ള മറ്റുസമുദായക്കാരുമായി എല്ലാക്കാര്യങ്ങളിലും തുല്യരാണ്. കേരള സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കത്തോലിക്കാ സമൂഹത്തെ ആനയിക്കുന്നതിനായി ചാവറയച്ചൻ ചെയ്ത ശ്രമങ്ങൾ ശ്ലാഘനീയങ്ങളാണ്.

കേരള സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കത്തോലിക്കരെ കൊണ്ടുവരുവാൻ അദ്ദേഹം ആദ്യം ചെയ്തത് മാന്നാനത്ത് ഒരു സംസ്കൃതസ്കൂൾ സ്ഥാപിക്കുകയായിരുന്നു. ഹൈന്ദവരുടെ ഇടയിൽ നടപ്പിലിരുന്ന പല ആചാരങ്ങളെയും അച്ചൻ ക്രൈസ്തവൽക്കരിച്ചു നടപ്പിലാക്കി. ഹൈന്ദവ ഭവനങ്ങളിൽ സാധാരണയായി പ്രാർത്ഥിച്ചിരുന്ന സന്ധ്യനാമകീർത്തനത്തെ അനുകരിച്ചു ക്രൈസ്തവ പ്രാർത്ഥനാഗീതങ്ങൾ ആലപിക്കുവാൻ പ്രേരണയും പ്രോത്സാഹനവും നൽകി. പള്ളിയിൽ കടലാസ്സുകൊണ്ടും തുണികൊണ്ടും ഉള്ള കൃത്രിമ പൂക്കൾക്കു പകരം പച്ചപ്പൂക്കൾ കൊണ്ടുള്ള അലങ്കാരം വേണമെന്നും നിർദ്ദേശിച്ചു. ആദ്ധ്യാത്മിക മണ്ഡലം കൂടുതൽ പ്രോജ്ജ്വലമാക്കുവാൻ അദ്ദേഹം നടപ്പിലാക്കിയ പല ആചാരങ്ങളും ഭാരതീയമായിരുന്നു.

വിശ്വാസികൾക്കുവേണ്ടി ഖണ്ഡകാവ്യങ്ങളടക്കം പലതരം ഭക്തഗ്രന്ഥങ്ങൾ രചിച്ചു. എഴുത്തച്ചന്റെ കിളിപ്പാട്ടിന്റെ ശൈലിയിൽ ഈശോയുടെ ജീവിതത്തെ ആധാരമാക്കി പ്രാർത്ഥനാഗീതങ്ങൾ എഴുതി പ്രസിദ്ധീകരിച്ചു.

## ആദ്ധ്യാത്മിക നവോത്ഥാനം ആരാധനക്രമത്തിലൂടെ

പത്തൊൻപതു നൂറ്റാണ്ടുകാലത്തെ ചരിത്രമുള്ള കേരളസഭയെ ആദ്ധ്യാത്മിക രംഗത്ത് ചൈതന്യവത്താക്കുവാൻ ചാവറയച്ചൻ ചെയ്ത പരിശ്രമം ചെറുതായിരുന്നില്ല. ബോദ്ധ്യങ്ങളിൽ അധിഷ്ഠിതമായ വിശ്വാസജീവിതം കൊണ്ടുമാത്രമേ സഭ പുരോഗമിക്കയുള്ളു എന്ന് അദ്ദേഹം മനസ്സിലാക്കി. വിദ്യാഭ്യാസ സാംസ്ക്കാരിക രംഗങ്ങളിലും മാദ്ധ്യമരംഗത്തും അദ്ദേഹം തുടങ്ങിവച്ച പുതിയ സംരംഭങ്ങളെല്ലാം ജനതയുടെ വിശ്വാസസംരക്ഷണവും വളർച്ചയും ഉന്നം വച്ചുള്ളവയായിരുന്നു.

ആദ്യനൂറ്റാണ്ടിൽ തന്നെ ക്രിസ്തു സന്ദേശം സ്വീകരിച്ച കേരള സുറിയാനിസഭയിൽ എന്തുകൊണ്ടാണ് വിശുദ്ധന്മാരുണ്ടാകാത്തത് എന്നദ്ദേഹം ചിന്തിച്ചു. സഭാധികാരികളും അനുയായികളും തമ്മിലുള്ള അകൽച്ച വിശ്വാസജീവിതത്തെ പ്രതികൂലമായി സ്വാധീനിച്ചു എന്നദ്ദേഹത്തിനു മനസ്സിലായി. സ്വന്തം നാട്ടിൽനിന്നും റീത്തിൽനിന്നുമുള്ള മെത്രാന്മാർ ഇല്ലാത്തതുകൊണ്ടുണ്ടായ അനർത്ഥങ്ങൾ എത്ര വലുതാണെന്ന് അച്ചനും ബോദ്ധ്യപ്പെട്ടു. ആ പ്രശ്നം പരിഹരിക്കുവാൻ അദ്ദേഹം റോമിലെ പ്രൊപ്പഗാന്താ തിരുസംഘത്തിന് എഴുതി. വരാപ്പുഴ മെത്രാപ്പോലീത്തായെ 'ബോദ്ധ്യപ്പെടുത്താൻ ശ്രമിച്ചു. പക്ഷേ, അദ്ദേഹത്തെ ഇക്കാര്യത്തിൽ ആരും ചെവിക്കൊണ്ടില്ല.

കേരള സുറിയാനിസഭ പാശ്ചാത്യവൽക്കരണത്തിനു വിധേയമായതോടെ ആരാധനക്രമത്തിന്റെ ഐക്യം നഷ്ടപ്പെടുകയുണ്ടായി. 1599 – ലെ ഉദയമ്പേരൂർ സൂനഹദോസ് വരുത്തിയ മാറ്റങ്ങൾ ആരാധനക്രമത്തെ വികലമാക്കിയിരുന്നു. അതിനെ പൂർവ്വസ്ഥിതിയിലേയ്ക്ക് കൊണ്ടുവരിക അന്നത്തെ സാഹചര്യത്തിൽ അത്രഎളുപ്പമായിരുന്നില്ല. അതിനു വിശുദ്ധരായ വൈദികരെയാണ് സഭയ്ക്ക് ആവശ്യം എന്ന് അദ്ദേഹം മനസ്സിലാക്കി. സഭയോടൊത്തുള്ള വൈദികരുടെ പ്രാർത്ഥനയ്ക്ക് അച്ചൻ പ്രാധാന്യം നൽകി.

സുറിയാനി പാരമ്പര്യങ്ങൾക്കനുസൃതമായി കാനോനനമസ്ക്കാരം ക്രോഡീകരിച്ചു പ്രസിദ്ധപ്പെടുത്തുവാൻ ആദ്യം തന്നെ അദ്ദേഹം ശ്രദ്ധിച്ചു. വൈദികരുടെ വാർഷികധ്യാനം ക്രമമായി നടത്തുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്തു. എല്ലാ ഞായറാഴ്ചകളിലും കുർബാനമദ്ധ്യേ സുവിശേഷത്തെ ആസ്പദമാക്കി പ്രസംഗം നടത്തണമെന്ന് നിർദ്ദേശിച്ചു. ചാവറയച്ചൻ ആരാധനക്രമം സംബന്ധിച്ച് നടപ്പിൽ വരുത്തിയ പരിഷ്ക്കരണങ്ങൾ, ഭക്തിയോടെയുള്ള ബലിയർപ്പണത്തിനും വചനാധിഷ്ഠിതമായ ജീവിതത്തിനും വൈദികരെ സഹായിച്ചു.

വി. കുർബാനയോടുള്ള ഭക്തിയിൽ വിശ്വാസികളെ ആഴപ്പെടുത്തുന്നതിന് ചാവറയച്ചൻ ചെയ്ത പരിശ്രമം എടുത്തു പറയേണ്ടതാണ്. 1840-ലെ വി. കുർബാനയുടെ തിരുനാൾ ദിനം മുതലാണ് മാന്നാനത്ത് ചിട്ടയോടുകൂടിയ സന്യാസസമൂഹ ജീവിതം ആരംഭിച്ചത്. 1864 മുതൽ എല്ലാ ആശ്രമങ്ങളിലും വി. കുർബാനയുടെ തിരുനാളിനോടനുബന്ധിച്ച് എട്ടുദിവസം പരസ്യാരാധനയും തിരുനാൾ ദിനം വി. കുർബാനയുടെ പ്രദിക്ഷണവും നടത്തിത്തുടങ്ങി.

കേരളത്തിൽ നാല്പതുമണി ആരാധന ആരംഭിച്ചതും വാഴ്ത്തപ്പെട്ട ചാവറയച്ചൻ തന്നെയെന്ന് സൂചിപ്പിച്ചുവല്ലൊ. 1537-ൽ ഇറ്റലിയിലെ മിലാൻ നഗരത്തിൽ ഒരു കപ്പൂച്ചിൻ വൈദികനാണ് ആദ്യമായി നാല്പതുമണി ആരാധന തുടങ്ങിയത്. 1866-ലെ വിഭൂതി തിരുനാളിന്റെ പിറ്റേദിവസം കൂനമ്മാവിൽ ചാവറയച്ചൻ നാല്പതുമണി ആരാധനനടത്തി. പിന്നീട് മാന്നാനം, വാഴക്കുളം, മുത്തോലി, എൽത്തുരുത്ത് തുടങ്ങിയ ആശ്രമദേവാലയങ്ങളിലും ഈ ആരാധന നടത്തുവാൻ തുടങ്ങി.

അനുതാപത്തിന്റെയും തപസ്സിന്റെയും ആരാധനക്രമമായിട്ടാണ് നാല്പതുമണി ആരാധന തുടങ്ങിയത്. സ്വന്തം പാപങ്ങൾക്കും ലോകമെങ്ങുമുള്ള പാപങ്ങൾക്കും പരിഹാരം ചെയ്യുക എന്ന ഉദ്ദേശ്യമായിരുന്നു അപ്പോൾ ഉണ്ടായിരുന്നത്. എല്ലാവർഷവും വലിയ നോമ്പുകാലത്താണ് 40 മണി ആരാധന നടത്തിയിരുന്നത്. മാന്നാനത്ത് മൂന്നു ദിവസം നീണ്ടുനിൽക്കുന്ന ആരാധനയിൽ സംബന്ധിക്കുവാൻ സമീപത്തുള്ള എല്ലാ ക്രൈസ്തവകുടുംബങ്ങളും എത്തിയിരുന്നു. അകലങ്ങളിൽനിന്ന് വരുന്നവർക്ക് മാന്നാനംകാർ തങ്ങളുടെ വീടുകളിൽ താമസസൗകര്യവും ഭക്ഷണവും ഒരുക്കിയിരുന്നു. ഭക്ഷണസാധനങ്ങളുമായി വന്നിരുന്നവർ അവിടെ വച്ച് പാകം ചെയ്തു കഴിക്കുകയും ചെയ്തു. ആരാധനയിൽ പങ്കെടുക്കുവാൻ എത്തിയിരുന്നവരെല്ലാം കുമ്പസാരിച്ച് വി. കുർബാന സ്വീകരിച്ചിരുന്നു. വിശ്വാസികളുടെ വിശുദ്ധീകരണത്തിനും ജീവിതനവീകരണത്തിനും നാല്പതുമണി ആരാധന ഏറെ സഹായിച്ചു എന്ന് നിസ്സംശയം പറയാൻ കഴിയും.

## ചാവറയച്ചൻ കേരളസഭയിൽ നോഹിന്റെ പെട്ടകം പോലെ

വിദേശീയരായ കർമ്മലീത്താ മിഷനറിമാരുടെ ഭരണത്തിൽ കേരളത്തിലെ സുറിയാനികത്തോലിക്കർ അസന്തുഷ്ടരായിരുന്നു. സാമൂഹ്യമായും വിശ്വാസപരമായും തങ്ങൾക്ക് യാതൊരു അഭിവൃദ്ധിയും ഉണ്ടാകുന്നില്ലെന്ന് അവർ മനസ്സിലാക്കി. സഹോദരീസഭയായ യാക്കോബായ സഭയ്ക്ക് സ്വന്തം 'ജാതി'യിൽപെട്ട മെത്രാന്മാരുള്ളതുപോലെ തങ്ങൾക്കും സ്വജാതീയരായ മെത്രാന്മാർ ഉണ്ടായേതീരു എന്നവർക്ക് ബോദ്ധ്യമായി. അതിനുവേണ്ടി റോമിലേയ്ക്കും ലിസ്ബണിലേയ്ക്കുമൊക്കെ കത്തുകൾ വഴി നിവേദനങ്ങൾ നൽകിയെങ്കിലും അവയൊന്നും ഫലപ്രാപ്തിയിലെത്തിയില്ല. 16-ാം നൂറ്റാണ്ടുവരെ കേരളത്തിലേയ്ക്ക് മെത്രാന്മാരെ അയച്ചിരുന്ന

കൽദായ കത്തോലിക്കാപാത്രിയാർക്കീസിന്റെ പക്കലും അവർ അപേക്ഷ സമർപ്പിച്ചു. ബാബേൽ പാത്രിയർക്കീസ് മാർ ജോസഫ് അബുദോ, മാർ തോമസ് റോക്കോസ് എന്ന മെത്രാനെ മലബാറിലെ സ്ഥിതിഗതികൾ പഠിച്ച് റിപ്പോർട്ടു സമർപ്പിക്കുവാൻ അയച്ചു. ശരിയായ അധികാര പത്രമോ മാർപാപ്പായുടെ അനുവാദമോ ഉണ്ടായിരുന്നില്ലെങ്കിലും 1861 മേയ് 9-ന് കേരളത്തിലെത്തിയ മാർ റോക്കോസ് ഒരു മെത്രാനടുത്തവിധം പ്രവർത്തിച്ചു തുടങ്ങി. ജനങ്ങളാകട്ടെ ഒരു സുറിയാനി മെത്രാനെ കിട്ടിയതിലുള്ള സന്തോഷത്തിൽ അദ്ദേഹത്തെ സ്വീകരിച്ചാദരിച്ചു. അദ്ദേഹം പള്ളികൾ സന്ദർശിക്കുകയും വൈദികാർത്ഥികൾക്ക് പട്ടം കൊടുക്കുകയും ചെയ്തു. കേരള സുറിയാനിസഭയെ സംബന്ധിച്ചിടത്തോളം ഗൗരവമായ ഒരു സ്ഥിതിവിശേഷമാണ് അതുവഴി സംജാതമായത്. ഗത്യന്തരമില്ലാതെ വന്നപ്പോൾ വരാപ്പുഴ മെത്രാപ്പോലീത്താ സുറിയാനിക്കാരുടെ വികാർ ജനറാളായി ചാവറയച്ചനെ നിയമിച്ചു. കർമ്മലീത്താസഭയുടെ പ്രിയോർ ജനറാൾ എന്ന നിലയിലും മറ്റുവിധത്തിലും ഏറ്റവും സുസമ്മതനായ വ്യക്തിയായിരുന്ന അച്ചൻ തന്റെ എല്ലാ കഴിവുകളുംറോക്കോസിനെതിരെ തിരിച്ചു.

റോക്കോസിനെപ്പറ്റിയുള്ള യഥാർത്ഥ വിവരം അറിയുന്നതിനു വേണ്ടി അച്ചൻ, ഒമ്പതാം പീയൂസ് മാർപാപ്പായ്ക്ക് രണ്ട് കത്തുകൾ അയച്ചു. രണ്ടാമത്തെകത്തിൽ വിവരം തന്നെ നേരിട്ടറിയിക്കണമെന്നും, തങ്ങളുടെ ആരാധനക്രമഭാഷയായ സുറിയാനിയിൽ തന്നെ മറുപടി വേണമെന്നും മാർപാപ്പയോട് അഭ്യർത്ഥിക്കുകയുണ്ടായി. വസ്തുതകൾ മറ്റാരെങ്കിലും വഴിയോ ഭാഷാ തർജ്ജിമയിലൂടെയോ ലഭിച്ചാൽ, അവയുടെ വിശ്വാസ്യത ചോദ്യം ചെയ്യപ്പെട്ടേക്കുമെന്ന് അച്ചൻ സംശയിച്ചിരിക്കണം.

ഇതിനോടകം സുറിയാനിക്കാരുടെ വക 184 പള്ളികളിൽ 89 എണ്ണം പൂർണ്ണമായും 30 എണ്ണം ഭാഗികമായും റോക്കോസിന്റെ പക്ഷത്തു ചേർന്നിരുന്നു.

മാർപാപ്പായുടെ മറുപടി യാഥസമയം ചാവറയച്ചനു ലഭിച്ചു. റോക്കോസ് ക്രമവിരുദ്ധമായി വന്നവനാണെന്നും മെത്രാനടുത്ത അധികാരം പ്രയോഗിക്കാൻ അധികാരമില്ലാതിരിക്കെ അപ്രകാരം ചെയ്തതു കാരണത്താൽ മഹറോൻ ശിക്ഷയിൻ കീഴിലാണെന്നും, ഉടൻതന്നെ അദ്ദേഹത്തെ തിരിച്ചുവിളിക്കണമെന്ന് പാത്രിയാർക്കീസിനോട് കല്പിച്ചിട്ടുണ്ടെന്നും ഒമ്പതാം പീയൂസ് മാർപാപ്പാ കത്തിലൂടെ വെളിപ്പെടുത്തി. കത്തിന്റെ ഉള്ളടക്കം ഒട്ടും താമസിയാതെ

പള്ളികളിലെല്ലാം അറിയിച്ചു. അതോടെ ജനങ്ങൾ റോക്കോസിനെ ഉപേക്ഷിച്ചു തുടങ്ങി. എങ്കിലും ചില സ്ഥലങ്ങളിൽ അസ്വസ്ഥതകൾ പൊട്ടിപ്പുറപ്പെടുകയും ചാവറയച്ചന്റെ ജീവനുതന്നെ ഭീഷണി ഉയരുകയും ചെയ്തു. റോക്കോസ് തന്റെ തെറ്റു സമ്മതിച്ചതോടെ പ്രശ്നങ്ങൾക്ക് വിരാമമായി. അദ്ദേഹത്തെ ഒരു മാനസാന്തരപ്പെട്ട വ്യക്തിയായി സ്വന്തം നാട്ടിലേയ്ക്ക് തിരിച്ചയയ്ക്കാൻ ചാവറയച്ചൻ വേണ്ട ക്രമീകരണങ്ങളെല്ലാം ചെയ്തു. 1862 മാർച്ചിൽ റോക്കോസ് മടങ്ങിപ്പോയി. സഭ സത്യവിശ്വാസത്തിൽ ഉറച്ചുനിന്ന്, റോമാ മാർപാപ്പയ്ക്കു കീഴ്വഴങ്ങി ഐക്യത്തിൽ മുന്നേറണം എന്നതായിരുന്നു ചാവറയച്ചന്റെ ലക്ഷ്യം. ത്യാഗപൂർണ്ണമായ പോരാട്ടത്തിൽ അച്ചൻ വിജയിച്ചു; സുറിയാനി സഭ ആ വലിയ പ്രതിസന്ധിയിൽനിന്നു രക്ഷപെട്ടു.

ജലപ്രളയത്തിൽ നോഹിന്റെ പെട്ടകം എപ്രകാരം മനുഷ്യരാശിയെ രക്ഷിച്ചുവോ, അതുപോലയാണ് ചാവറയച്ചൻ ശീശ്മയിൽ നശിച്ചുപോവാൻ തുടങ്ങിയ കേരളസുറിയാനി സഭയെ രക്ഷിച്ചതെന്ന് സി.എം.ഐ. യിലെ കുര്യാക്കോസ് ഏലീശാച്ചൻ പിന്നീട് രേഖപ്പെടുത്തുകയുണ്ടായി.

## മറ്റുമതങ്ങളോട് സൗഹാർദ്ദപൂർവ്വം

മതസൗഹാർദ്ദത്തിനുവേണ്ടിയുള്ള ചാവറയച്ചന്റെ സംഭാവനകൾ അങ്ങേയറ്റം മഹത്തരമാണ്. ആരാധനാലയങ്ങൾ സ്ഥാപിക്കുമ്പോൾ സമീപവാസികളായ ഇതരമതസ്ഥരുടെ വികാരം അദ്ദേഹം കണക്കിലെടുത്തിരുന്നു.

ചാവറ അച്ചനും മറ്റച്ചന്മാരും തങ്ങളുടെ പുതിയ സഭയ്ക്ക് ഒരു മാതൃഭവനവും പള്ളിയും പണിയുന്നതിന് ഏറ്റവും അനുയോജ്യമായ സ്ഥലം കണ്ടുപിടിക്കുവാൻ പലസ്ഥലങ്ങളിലും ചുറ്റിസഞ്ചരിച്ചു. ഒടുവിൽ പുല്ലരിക്കുന്നാണ് അവർ കണ്ടെത്തിയത്. പള്ളിപണിയുന്നതിന് തിരുവിതാംകൂർ സർക്കാരിന്റെ അനുവാദം ആവശ്യമായിരുന്നു. അനുവാദത്തിന് ദിവാന്റെ പക്കൽ അപേക്ഷ സമർപ്പിച്ചു. ദിവാൻ ഏറ്റുമാനൂർ തഹസീൽദാരോട് റിപ്പോർട്ടു കൊടുക്കുവാൻ ആവശ്യപ്പെട്ടു. പുല്ലരിക്കുന്നിൽ കത്തോലിക്കാപള്ളി പണിയുന്നതിൽ ആർക്കെങ്കിലും എതിർപ്പുണ്ടോ എന്ന് തഹസീൽദാർ അന്വേഷിച്ചു. ആദ്യം ആരും എതിർത്തില്ല. പക്ഷെ, ക്രമേണ കുമാരനല്ലൂർ ദേവീക്ഷേത്രത്തിലെ ചിലർക്ക് ഒരു സംശയം. ദേവിയുടെ ദൃഷ്ടിപതിയുന്ന സ്ഥലമാണ് ക്ഷേത്രത്തിനു സമീപമുള്ള പുല്ലരിക്കുന്ന്.

അവിടെ ക്രിസ്ത്യൻ ദേവാലയം വരുന്നത് ശരിയല്ലെന്ന് അവർ പറഞ്ഞുപരത്തി. അതേസമയം ഒരിക്കൽ നിശ്ചയിച്ച സ്ഥലത്തുനിന്ന് പിന്മാറരുതെന്ന് ചില ക്രൈസ്തവരും ശഠിച്ചു. അപ്പോഴാണ് ചാവറയച്ചന്റെ മഹത്വം വെളിപ്പെട്ടത്. അന്യമതസ്ഥരെ മുറിപ്പെടുത്തിക്കൊണ്ടു പുല്ലരിക്കുന്നിൽ പള്ളി പണിയേണ്ടെന്ന് അച്ചൻ ഉറപ്പായി പറഞ്ഞു. അങ്ങനെ പുല്ലരിക്കുന്നിന്റെ നഷ്ടമാണ് മാന്നാനത്തിന്റെ നേട്ടമായി ഭവിച്ചത്.

അച്ചൻ കൈനകരിയിൽ സ്ഥാപിച്ച അനാഥർക്കുവേണ്ടിയുള്ള ഭവനം പാവപ്പെട്ട ക്രൈസ്തവരെ മാത്രം ഉദ്ദേശിച്ചുള്ളതായിരുന്നില്ല; നാനാ ജാതി മതസ്ഥർക്കും അവിടെ പ്രവേശനം നൽകിപ്പോന്നു.

## പ്രിയോർമാവ്

ഓരോ ആശ്രമത്തിന്റെയും അധിപനെയാണ് 'പ്രിയോർ' എന്നു വിളിക്കുക. ഒരു നിശ്ചിത കാലഘട്ടത്തിലെ അധികാരിയാണ് പ്രിയോർ. ചാവറയച്ചൻ എന്നും 'വലിയപ്രിയോരച്ചൻ' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. കാരണം അദ്ദേഹം തുടങ്ങിയ സഭയുടെ എല്ലാ ആശ്രമങ്ങളുടെയും പൊതുസുപ്പീരിയർ അദ്ദേഹമായിരുന്നു.

1864-നും 1871-നും ഇടയ്ക്കാണ് അച്ചൻ കൂനമ്മാവിൽ താമസിച്ചിരുന്നത്. ഒരിക്കൽ സമ്മാനമായിലഭിച്ച വിശേഷതരം മാങ്ങായുടെ അണ്ടി തന്റെ മുറിയുടെ സമീപം അച്ചൻ കുഴിച്ചിട്ടു. അവിടെ വളർന്നുവന്നമാവ് പില്ക്കാലത്ത് 'പ്രിയോർമാവ്' എന്ന് അറിയപ്പെട്ടുതുടങ്ങി. നൂറുവർഷത്തോളം ആ മാവിന് ആയുസ്സുണ്ടായിരുന്നു. അവസാനം അതുണങ്ങിയപ്പോൾ തടിമുറിച്ച് കഷണങ്ങളാക്കി സി.എം.ഐ.സഭയുടെ എല്ലാ ആശ്രമങ്ങളിലേയ്ക്കും അയച്ചുകൊടുത്തു. അത് തിരുശേഷിപ്പുപോലെ ഓരോ ആശ്രമത്തിലും സൂക്ഷിച്ചു. പ്രിയോർമാവിൻ തൈകൾ നേഴ്സറികളിൽ ലഭ്യമാണ്.

## അന്തിമകാലവും മരണവും

നാലുദശാബ്ദക്കാലത്തോളം കേരളക്കരയിൽ അങ്ങോളമിങ്ങോളം ഓടിനടന്ന് സഭയ്ക്കും സമൂഹത്തിനും വേണ്ടി കഠിനാദ്ധ്വാനം ചെയ്ത വലിയ പ്രിയോരച്ചന് തന്റെ ഭൗതിക ജീവിതത്തിനു വിരാമമിടാൻ സമയമായെന്നു മനസ്സിലായി. വാതപ്പനി, കാലിൽ നീര്, കണ്ണിൽ നീരും വേദനയും - അങ്ങനെ പലവിധ രോഗങ്ങൾ ബാധിച്ച് അദ്ദേഹം കൂനമ്മാവ് ആശ്രമത്തിലെ രോഗികൾക്കായുള്ള മുറിയിൽ കിടന്നു. രോഗശയ്യയിലായിരിക്കുമ്പോഴും അനുദിന ഭക്താ

നുഷ്ഠാനങ്ങൾക്ക് അച്ചൻ മുടക്കം വരുത്തിയില്ല യുവസന്യാസികൾ യാമപ്രാർത്ഥനകളും സൽഗ്രന്ഥങ്ങളും അദ്ദേഹത്തെ വായിച്ചുകേൾപ്പിച്ചിരുന്നു. ഭക്തിപരമായ ധ്യാനത്തിനു അവ അച്ചന് സഹായമായി.

സഭാംഗങ്ങൾ എപ്രകാരമുള്ള ജീവിതമാണ് നയിക്കേണ്ടത് എന്ന് ഓർമ്മിപ്പിച്ചുകൊണ്ട് അന്ത്യനാളുകളിൽ വൈദികർക്കയച്ച ഒരു കത്ത് പ്രത്യേകം ശ്രദ്ധാർഹമാണ്. അച്ചൻ എഴുതി: "സ്നേഹിക്കപ്പെട്ട കൂടപ്പിറപ്പുകളേ, ഈ നമ്മുടെ എളിയ സമൂഹം മനുഷ്യർ ഉണ്ടാക്കിയതല്ല. പിന്നെയോ, തമ്പുരാൻ തന്നെ തന്റെ എത്രയോ പുതുമകളാൽ ഇതിനെ സ്ഥാപിക്കുകയും നടത്തുകയും വർദ്ധിപ്പിക്കുകയും ചെയ്തു എന്നതിന് നിങ്ങളെല്ലാവരും സാക്ഷികളായിരിക്കുന്നു. അതുകൊണ്ട് ഈ ദൈവിക പ്രവൃത്തിക്ക് ഭേദം വരുത്തന്നതിന് മനുഷ്യരുടെ ഞെരുക്കങ്ങൾ മതിയാകില്ല. ഇതിന് ഒരേയൊരുകാര്യം തന്നെമതിയായിരിക്കുന്നു. അതായത് നാം നമ്മുടെ ദൈവവിളിപ്പിനെ മറന്ന്, അതിന്റെ കടങ്ങളെ ഉപേക്ഷിച്ച്, നമ്മുടെ ജീവിതാന്തസിനടുത്ത മൂല്യങ്ങളായ എളിമ, അനുസരണം പരസ്നേഹം, സന്യാസ അച്ചടക്കം, സമൃദ്ധമായ ഭക്തി എന്നീ പുണ്യങ്ങളെ വിചാരത്തിൽ മാത്രം പാലിച്ചാൽ മതിയെന്നു വച്ച് പ്രവൃത്തിയാലെ നിറവേറ്റാതിരിക്കുന്ന ഈ കൊവേന്തകളെ ചുരുങ്ങിയ കാലത്തിനകത്ത്, ദൈവം ഇല്ലാതാക്കാൻ മതിയായിരിക്കയും ചെയ്യുന്നു." തന്റെ സഭാംഗങ്ങൾ യഥാർത്ഥ സന്യാസികളായി ജീവിച്ചില്ലെങ്കിൽവരാൻ പോകുന്ന ഭവിഷ്യത്ത് എത്രവലുതായിരിക്കുമെന്നുള്ള ഒരു മുന്നറിയിപ്പാണ് ഇവിടെ നാം കാണുന്നത്. ആചാരങ്ങളും അനുഷ്ഠാനങ്ങളുമല്ല, കരുണാർദ്രമായ സേവനകർമ്മങ്ങളാണ് ദൈവവിശ്വാസത്തിന്റെ യഥാർത്ഥമായ ആവിഷ്ക്കാരമെന്ന് അദ്ദേഹം സഹവൈദികരെ അനുസ്മരിപ്പിച്ചു.

'ചുമരുകളുടെ കനമല്ല, അതിനുള്ളിൽ പാർക്കുന്നവരുടെ പുണ്യമാണ് സന്യാസസമൂഹത്തെ ബലമുള്ളതാക്കുന്നത്', എന്നായിരുന്നു ചാവറയച്ചന്റെ ഉറച്ചബോദ്ധ്യം.

1871 ജനുവരി 2-ന് വലിയ പ്രിയോരച്ചൻ കുമ്പസാരം, വി. കുർബാന, രോഗീലേപനം എന്നീകൂദാശകൾ സ്വീകരിച്ചു. മരണാസന്നനായ അദ്ദേഹം തന്റെ കിടക്കയ്ക്ക് ചുറ്റും നിന്നിരുന്നവർക്ക് അന്ത്യഉപദേശം നൽകി:

"എനിക്കായി ദൈവം നിശ്ചയിച്ച സമയമായി, തിരുക്കുടുംബത്തിന്റെ അനുഗ്രഹത്താൽ മാമ്മോദീസായിൽ കിട്ടിയ പ്രസാദവരം ഒരിക്കലും നഷ്ടപ്പെടുത്തുവാൻ ഇടയായിട്ടില്ല എന്ന് സന്തോഷത്തോടെ പറയാനുള്ള ധൈര്യം എനിക്കുണ്ട്. നിങ്ങളും ഈ തിരുക്കുടുംബത്തിന് പ്രതിഷ്ഠിതരാകണം. നിങ്ങൾ എല്ലാവരും പ്രത്യേ

കിച്ച് ശ്രേഷ്ഠന്മാരും തമ്മിൽ തമ്മിൽ ഉപവിയുള്ളവരും പരസ്പരം സഹായിക്കുന്നവരുമായിരിക്കണം. ഇങ്ങനെ ചെയ്താൽ നമ്മുടെ സഭ ഒന്നിനൊന്ന് അഭിവൃദ്ധി പ്രാപിക്കും." ഇത്രയും പറഞ്ഞശേഷം അദ്ദേഹം കൈ ഉയർത്തി എല്ലാവരേയും ആശീർവ്വദിച്ചു. 1871 ജനുവരി 3-ന് രാവിലെ ഏഴുമണിയോടെ ചാവറയച്ചൻ തന്റെ പാവനാത്മാവിനെ നിത്യപിതാവിനു സമർപ്പിച്ചു.

കബറടക്കശുശ്രൂഷാവേളയിൽ ചരമപ്രസംഗം നടത്തിയ കാപ്പിൽ മത്തായി അച്ചൻ 'ഈ മലയാളത്തിന്റെ കൊടിവീണിരിക്കുന്നു' എന്നുപറഞ്ഞുകൊണ്ടാണ് പ്രസംഗം ആരംഭിച്ചത്. കുനമ്മാവുപള്ളിയിൽ പ്രധാന അൾത്താരയുടെ സമീപം തയ്യാറാക്കിയ കല്ലറയിലാണ് അദ്ദേഹത്തെ സംസ്ക്കരിച്ചത്. 1889-ൽ സുറിയാനി കത്തോലിക്കർ കൂനമ്മാവിൽനിന്ന് യാത്രയായപ്പോൾ ആ കബറിടം തുറക്കുകയും അച്ചന്റെ ഭൗതികാവശിഷ്ടങ്ങൾ മാന്നാനത്തേയ്ക്ക് കൊണ്ടുപോരികയും ചെയ്തു. മാന്നാനം ആശ്രമ ദേവലായത്തിൽ വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ കബറിടം ഇപ്പോൾ സ്ഥിതി ചെയ്യുന്നു.

## കുമ്പസാരക്കാരനായ ലെയോപ്പോൾദ് ബെക്കാറോ എന്ന മിഷനറിയുടെ സാക്ഷ്യം

വാഴ്ത്തപ്പെട്ട ചാവറയച്ചൻ ചരമം പ്രാപിച്ച ദിവസം അച്ചന്റെ സഹപ്രവർത്തകനും അതെ സമയംതന്നെ കുമ്പസാരക്കാരനുമായിരുന്ന ലെയോപ്പോൾദ് ബെക്കാറോ മിഷനറി തന്റെ ഡയറിയിൽ ലത്തീൻ ഭാഷയിൽ എഴുതി.

"ഇന്ന്, ജനുവരി 3, 1871 ചൊവ്വാഴ്ച രാവിലെ 7.15-ന് തിരുക്കുടുംബത്തിന്റെ സിറിയക്ക് ഏലിയാസച്ചൻ, ഒന്നാമത്തെ പ്രിയോർ, അതിനിഷ്ക്കളങ്കമായ ഒരു ജീവിതത്തെ തുടർന്ന് നിര്യാതനായി. മാമ്മോദീസായിൽ തനിക്ക് ലഭിച്ച ദൈവവരപ്രസാദം നഷ്ടപ്പെടുവാനിടയായില്ല എന്നുമരണത്തിനു മുമ്പുപറയുവാൻ അദ്ദേഹത്തിനു കഴിയുമായിരുന്നു. അദ്ദേഹം എല്ലാ സുകൃതങ്ങളും അഭ്യസിച്ചുവന്നു. പ്രത്യേകിച്ചും ഹൃദയലാളിത്യം, സജീവ വിശ്വാസം, മൃദുലമായ അനുസരണം, ദിവ്യകാരുണ്യത്തോടും പരി. കന്യകയോടും വി. യൗസേപ്പുപിതാവിനോടുമുള്ള ഭക്തി എല്ലാം അതിലുൾപ്പെടും. മലബാറിലെ ക്രിസ്ത്യാനികൾക്കുവേണ്ടി അദ്ദേഹം വളരെ കഷ്ടതകൾ സഹിച്ചു. റോക്കോസ് ശീശ്മക്കാലത്ത് പ്രത്യേകിച്ചും സുറി

യാനിക്കാരുടെ വികാരി ജനറാൾ എന്ന നിലയിൽ റോമാ സിംഹാസനത്തോടുള്ള അനിതരസാധാരണമായ വിശ്വസ്തത കാണിച്ചു. പകലും രാത്രിയും അദ്ധ്വാനിച്ച് നാല്പതോളം ഇടവകകളെ അദ്ദേഹം ശീശ്മയിൽ പോകാതെ പിടിച്ചു നിർത്തി. അതിൽ സംതൃപ്തിപ്രകടിപ്പിച്ചുകൊണ്ട് 9-ാം പീയൂസ് മാർപാപ്പാ അദ്ദേഹത്തിനു കത്തെഴുതി. മലബാറിലെ കർമ്മലീത്താ മൂന്നാം സഭയുടെ സ്ഥാപകനും ഒന്നാമത്തെ പ്രിയോരും അദ്ദേഹമായിരുന്നു. വളരെ കഷ്ടപ്പെട്ട് അദ്ദേഹം സന്യാസിനികളുടെ ഒരു സഭയും സ്ഥാപിച്ചു. സുകൃതജീവിതത്താലും വിജ്ഞാനത്താലും സുറിയാനി ഭാഷയിലുള്ള പാണ്ഡിത്യത്താലും അദ്ദേഹം മലബാറിലെ സുറിയാനിക്കാരുടെ ഇടയിൽ വലിയ സ്വാധീനം പുലർത്തി. മലബാറിലെ വികാരി അപ്പസ്തോലിക്കമാർ എല്ലാം അദ്ദേഹത്തെ വളരെയധികം സ്നേഹിച്ചു. മലബാറിലെ ജനങ്ങൾ അദ്ദേഹത്തെ കൂടുതലായി സ്നേഹിച്ചു. അതിൽനിന്ന് ഈശോസഭക്കാരും നെസ്തോറിയൻസും ഒഴിവായിരുന്നില്ല. അദ്ദേഹം ഭൗതിക വസ്തുക്കളെ ക്രമരഹിതമായി സ്നേഹിച്ചിരുന്നില്ല. അവസാനനാളുകളിൽ പ്രത്യേകിച്ചും അസാധാരണ ഭക്തിയോടും താല്പര്യത്തോടും സ്വർഗ്ഗീയമായ സന്തോഷത്തോടും അന്ത്യകൂദാശകൾ സ്വീകരിച്ചശേഷം, അദ്ദേഹത്തെ അറിയുന്ന എല്ലാവരുടെയും പ്രത്യേകിച്ച് ഞാൻ എന്നെത്തന്നെ അറിയുന്നതുപോലെ അദ്ദേഹത്തെ അറിയാമായിരുന്ന എന്റെയും, കണ്ണുനീരിന്റെ ഇടയിൽ, അറുപത്തിയഞ്ചാമത്തെ വയസ്സിൽ അദ്ദേഹം മരിച്ചു. ഇവിടെ ഈ കൂനമ്മാവുപള്ളിയിൽ സംസ്ക്കരിക്കുകയും ചെയ്തു.

"പരിശുദ്ധനും സുന്ദരനുമായ ആത്മാവേ, എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ."

## നാമകരണനടപടികൾ

1871 ജനുവരി 3-ന് കൂനമ്മാവിലെ വി. ഫിലോമിനായുടെ നാമത്തിലുള്ള ആശ്രമത്തിൽ വച്ചാണല്ലോ ചാവറകുര്യാക്കോസ് ഏലിയാസച്ചൻ മരിച്ചത്. മരണത്തിന് ആറുമാസം മുമ്പ് 1870 ആഗസ്റ്റിൽ അച്ചൻ തന്റെ വിൽപത്രം തയ്യാറാക്കിയിരുന്നു. താൻ സ്ഥാപിച്ച ഇരു സഭകളുടെയും ഭാവിസംബന്ധിച്ചുള്ള ചില ചിന്തകളും തന്റെ സന്യാസ സഭാംഗങ്ങൾക്കായുള്ള ചില ഉപദേശങ്ങളും അതിൽ ഉൾപ്പെട്ടിരുന്നു. അച്ചന്റെ മരണശേഷം പ്രസ്തുതവിൽപ്പത്രം അദ്ദേഹത്തിന്റെ ആദ്ധ്യാത്മിക പിതാവും ഏഴുവർഷത്തോളം കുമ്പസാരക്കാരനുമായിരുന്ന ലെയോപ്പോൾദ് മിഷനറിയുടെ കൈകളി

ലെത്തി. അച്ചൻ അതിന്റെ കോപ്പിയെടുത്ത് അന്നുണ്ടായിരുന്ന എല്ലാ ആശ്രമങ്ങളിലേയ്ക്കും അയച്ചു. കൂടാതെ അച്ചന്റെ സന്യാസ വസ്ത്രങ്ങൾ മുതലായ സ്വകാര്യ വസ്തുക്കളും വിവിധ ആശ്രമ ങ്ങൾക്ക് അയച്ചുകൊടുത്തു. അവയെല്ലാം തിരുശ്ശേഷിപ്പുകളായി സൂക്ഷിക്കണമെന്ന് നിർദ്ദേശവും നല്കി. അച്ചന്റെ നാമകരണനട പടികൾ ആരംഭിക്കണമെന്ന് മിഷനറിക്ക് ഉദ്ദേശ്യമുണ്ടായിരുന്നെ ങ്കിലും 1875-ൽ ഇറ്റലിയിലേയ്ക്ക് തിരിച്ചു പോകേണ്ടി വന്നതിനാൽ അത് നടപ്പിലായില്ല.

ഏതാണ്ട് അരനൂറ്റാണ്ട് കഴിഞ്ഞാണ് നാമകരണ നടപടികൾ ആരംഭിക്കുന്നതിനെപ്പറ്റി സി.എം.ഐ. സഭ ഗൗരവപൂർവ്വം ചിന്തി ച്ചുതുടങ്ങിയത്. ആദ്യമായി അച്ചന്റെ ജീവചരിത്രം പ്രസിദ്ധീകരി ക്കുവാനുള്ള ശ്രമം നടന്നു. 1939 -ൽ ഫാ. വലേരിയൻ പ്ലാത്തോട്ടം ചാവറയച്ചന്റെ ജീവചരിത്രം പ്രസിദ്ധപ്പെടുത്തി.

ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ മാർ മാത്യു കാവുകാട്ട് 1955-ൽ നാമകരണത്തിനുള്ള രൂപതാ നടപടികൾ ആരംഭിച്ചു. ചാവറയച്ചൻ മരിച്ചിട്ട് മുക്കാൽ നൂറ്റാണ്ടു തന്നെ കഴിഞ്ഞതിനാൽ ഒരു 'ചരിത്രന ടപടി' (Historical Process) ആയിട്ടാണ് നടപടികൾ തുടങ്ങിയത്. 1957-ൽ ഫാ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ അദ്ധ്യക്ഷനായി ചരിത്രക മ്മീഷനെ വന്ദ്യപിതാവ് നിയമിച്ചു. ചാവറയച്ചന്റെ രചനകളും രേഖ കളും ശേഖരിക്കുകയായിരുന്നു പ്രസ്തു കമ്മീഷന്റെ ചുമതല. 1962-ൽ ഫാ. റോമയോ തോമസ് ചീഫ് ജഡ്ജ് ആയി രൂപതാ ട്രൈബ്യൂണലും നിയോഗിക്കപ്പെട്ടു. ട്രൈബ്യൂണൽ 501 സെഷനു കളിലായി 104 സാക്ഷികളെ വിസ്തരിച്ചു. 1967 മുതൽ ഫാ. ലൂക്കാസ് വിത്തുവട്ടിക്കൽ ട്രൈബ്യൂണലിന്റെ പ്രസിഡന്റായി ജോലി തുടർന്നു.

1971-ൽ രൂപതാനടപടികൾ പൂർത്തിയാക്കി രേഖകളെല്ലാം റോമിൽ വിശുദ്ധരുടെ നാമകരണ നടപടികൾക്കായുള്ള തിരുസം ഘത്തിന് അയച്ചുകൊടുത്തു. 1977-ൽ പോസ്റ്റുലേറ്റർ ഫാ. ലൂക്കാസ് വിത്തുവട്ടിക്കൽ സുകൃതജീവിതം സംബന്ധിച്ചുള്ള 'പൊസിസ്യോ' തയ്യാറാക്കി കോൺഗ്രിഗേഷനിൽ സമർപ്പിച്ചു. റോമിലെ ദൈവശാ സ്ത്രജ്ഞന്മാരുടെ സംഘവും അതേത്തുടർന്ന് കർദ്ദിനാളന്മാരുടെ കമ്മീഷനും പരിശോധിച്ചതിനുശേഷം ചാവറയച്ചന്റെ സുകൃത ജീവി തത്തെ ഐകകണ്ഠ്യേന അംഗീകരിച്ചു. ദൈവിക പുണ്യങ്ങളായ വിശ്വാസം, ശരണം, ഉപവി എന്നിവയും തലപ്പെട്ട പുണ്യങ്ങളായ വിവേകം, നീതി, സംയമനം, ധൈര്യം എന്നിവയും ഇവയോടുബ

ന്ധപ്പെട്ട അനുസരണം, വിശുദ്ധി, എളിമ എന്നീപുണ്യങ്ങളും വീരോചിതമായവിധം ചാവറയച്ചൻ അനുഷ്ഠിച്ചിരുന്നു എന്നാണ് ഔദ്യോഗികമായി പ്രഖ്യാപിച്ചത്. 1984 ഏപ്രിൽ 7-ന് ആയിരുന്നു ധന്യ (Venerable) പദപ്രഖ്യാപനം.

തുടർന്ന് ചാവറയച്ചന്റെ മാദ്ധ്യസ്ഥ്യം വഴി നടന്ന ഒരുരോഗശാന്തി വളരെ സൂക്ഷ്മമായ പഠനത്തിനുശേഷം അത്ഭുതമാണെന്ന് സഭ അംഗീകരിച്ചു. ജോൺ പോൾ രണ്ടാമൻ മാർപാപ്പാ തന്റെ ഭാരതപര്യടനത്തിനിടയിൽ കോട്ടയത്തെത്തി ചാവറ കുര്യാക്കോസ് ഏലിയാസച്ചനേയും അൽഫോൻസാമ്മയേയും വാഴ്ത്തപ്പെട്ടവരെന്ന് പ്രഖ്യാപിച്ചു. 1986 ഫെബ്രുവരി 8-ന് ആണ് ആ മഹാസംഭവം നടന്നത്.

ഭാരതസഭയുടെ ചരിത്രത്തിൽ എന്നെന്നും സ്മരിക്കപ്പെടുന്ന ആ സംഭവത്തിന് സാക്ഷികളാകാൻ കർദ്ദിനാളന്മാരും അനേകം മെത്രാന്മാരും നൂറുകണക്കിന് വൈദികരും ലക്ഷോപലക്ഷം ജനങ്ങളും നാഗമ്പടം മൈതാനിയിൽ സന്നിഹിതരായിരുന്നു.

## ചാവറയച്ചൻ മഹാപുരുഷൻ

വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ബഹുമാനാർത്ഥം ഇന്ത്യാഗവൺമെന്റ് 1987 ഡിസംബർ 20-ന് ഒരു സ്മാരകസ്റ്റാമ്പ് പുറത്തിറക്കി. തദവസരത്തിൽ ഇന്ത്യൻ രാഷ്ട്രപതി ആർ. വെങ്കിട്ടരാമൻ തിരുവനന്തപുരത്തു വച്ചു നടത്തിയ പ്രസംഗത്തിൽ ചാവറയച്ചന്റെ വ്യക്തി മഹാത്മ്യത്തെ പ്രകീർത്തിച്ചതോടൊപ്പം ഒരപ്പസ്തോലിക സഭയായ ഭാരതസഭയുടെ നേട്ടങ്ങളെ ചരിത്ര പശ്ചാത്തലത്തിൽ വിശകലനം ചെയ്യുകയും ചെയ്തു. പ്രസിഡണ്ടിന്റെ പ്രസംഗത്തിലെ ചില പ്രസക്തഭാഗങ്ങൾ:

ധന്യനായ ചാവറയച്ചൻ നമ്മെ വിട്ടുപിരിഞ്ഞിട്ട് ഒരു നൂറ്റാണ്ടിലേറെയായിരിക്കുന്നു. വർഷങ്ങൾ കടന്നുപോയിട്ടും ഒരു പ്രചോദകശക്തിയായി ആയിരങ്ങളുടെ മനസ്സിൽ അനശ്വരനായി അദ്ദേഹം ഇന്നും ജീവിക്കുന്നു. ഒരു മഹാപണ്ഡിതനായും അഗതികൾക്കും ദരിദ്രർക്കും അധഃകൃതർക്കും വേണ്ടിയുള്ള സ്ഥാപനങ്ങളുടെ സ്ഥാപകനായും അദ്ദേഹം നന്ദിപൂർവ്വം സ്മരിക്കപ്പെടുന്നു........ ഭാരതത്തിന്റെ ഭാവി തിരുത്തിക്കുറിച്ച മഹാപുരുഷനായിരുന്നു അദ്ദേഹം. വേദങ്ങളും സംസ്കൃതഗ്രന്ഥങ്ങളും ഹൃദിസ്ഥമാക്കുകയും തമിഴും സംസ്കൃതവും പഠിക്കുകയും ഇപ്രകാരം ഭാരതത്തിന്റെ

പുരാതനമായ ജ്ഞാനസമ്പത്തിനെ തന്റെ ഹൃദയത്തിൽ നിറഞ്ഞിരുന്ന ക്രിസ്തീയ ദൈവവിജ്ഞാനവുമായി ബന്ധിപ്പിക്കുവാൻ അദ്ദേഹം പരിശ്രമിക്കുകയും ചെയ്തു. ഇതിനുവേണ്ടി അദ്ദേഹം 1829 മുതൽ 1870 വരെയുള്ള 40 കൊല്ലത്തെ തന്റെ അനുഭവങ്ങൾ ഭാവിതലമുറയ്ക്കുവേണ്ടി രേഖപ്പെടുത്തി. "നാളാഗമങ്ങൾ" എന്നറിയപ്പെടുന്ന രേഖ 1829 മുതൽ 1870 വരെയുള്ള കേരളത്തിന്റെ ആധികാരികമായ ചരിത്രം തന്നെയാണ്.

"വിദ്യാഭ്യാസപ്രവർത്തനം അദ്ദേഹത്തിന് ഏറ്റം പ്രിയപ്പെട്ടതായിരുന്നു. മതവിദ്യാഭ്യാസവും പൊതുവിദ്യാഭ്യാസവും അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഒരേ നാണയത്തിന്റെ രണ്ടുവശങ്ങൾ മാത്രമായിരുന്നു........

"സ്ത്രീ ജനങ്ങളുടെ സമുദ്ധാരണത്തിലും അദ്ദേഹം പ്രത്യേക ശ്രദ്ധ പതിച്ചിരുന്നു. 1866-ൽ തന്നെ ചാവറയച്ചൻ സ്ത്രീകൾക്കുവേണ്ടിയുള്ള ഒരു ഭാരതീയസന്യാസസഭയ്ക്ക് അടിസ്ഥാനമിട്ടു. ഇപ്രകാരം അദ്ദേഹം ഇന്ത്യൻ നവോത്ഥാനത്തിന്റെ അതികായനായ ഒരു അവതാരമായിരുന്നു. ഇത് അധഃകൃതരെ ഉയർത്തുന്നതിനും നിരാശരെ ധൈര്യപ്പെടുത്തുന്നതിനും ജനങ്ങളിൽ സ്വാഭിമാനം വളർത്തുന്നതിനും വളരെ സഹായകമായി........

"ഓർക്കുക, വി.തോമ്മാശ്ലീഹാ ഭാരതത്തിലേക്ക് വന്നപ്പോൾ യൂറോപ്പിലെ ഇന്നത്തെ നിരവധി ക്രിസ്തീയ രാജ്യങ്ങളിലും ക്രിസ്തുമതം എത്തിനോക്കുകപോലും ചെയ്തിരുന്നില്ല. ഭാരതത്തിലെ ക്രിസ്തുമതമാകട്ടെ തങ്ങളുടെ പിതാവാണ് സെന്റ് തോമസ് എന്ന് അഭിമാനിക്കുന്നതുകൊണ്ട് യൂറോപ്പിലെ ഇന്നത്തെ മിക്ക ക്രിസ്തീയ രാജ്യങ്ങളെക്കാൾ കൂടുതൽ ക്രിസ്തീയ ചരിത്രവും നീണ്ട ക്രിസ്തീയ പാരമ്പര്യവും ഭാരതസഭയ്ക്കുണ്ട്. ഇപ്രകാരം സംഭവിച്ചതിൽ നമുക്ക് യഥാർത്ഥത്തിൽ അഭിമാനിക്കാം. ചാവറയച്ചൻ ഭാരത ക്രിസ്തീയ സഭയുടെ ചൈതന്യത്തെ സമ്യക്കായി പ്രതിനിധീകരിച്ചിരുന്നു; മലബാർ സഭയുടെ ചൈതന്യത്തെയാകട്ടെ അതിന്റെ അത്യുജ്ജ്വലശോഭയിലും............"

CARMEL JYOTHI
ALWAYE
THAIKKATTUKARA

CARMEL JYOTHI
ALWAYE
THAIKKATTUKARA

# ധീരനായ ധന്യനായ ചാവറയച്ചൻ

റവ. ഡോ. കുര്യൻ മാതോത്ത്

---



**ആർ. വെങ്കിട്ടരാമൻ**

മുൻ ഇന്ത്യൻ രാഷ്ട്രപതി

ധന്യനായ ചാവറയച്ചൻ നമ്മെ വിട്ടുപിരിഞ്ഞിട്ട് ഒരു നൂറ്റാണ്ടിലേറെയായിരിക്കുന്നു. വർഷങ്ങൾ കടന്നുപോയിട്ടും ഒരു പ്രചോദക ശക്തിയായി ആയിരങ്ങളുടെ മനസ്സിൽ അനശ്വരനായി അദ്ദേഹം ഇന്നും ജീവിക്കുന്നു. ഒരു മഹാപണ്ഡിതനായും അഗതികൾക്കും ദരിദ്രർക്കും അധഃകൃതർക്കും വേണ്ടിയുള്ള സ്ഥാപനങ്ങളുടെ സ്ഥാപകനായും അദ്ദേഹം നന്ദിപൂർവ്വം സ്മരിക്കപ്പെടുന്നു......... ഭാരതത്തിന്റെ ഭാവി തിരുത്തിക്കുറിച്ച മഹാപുരുഷനായിരുന്നു അദ്ദേഹം. വേദങ്ങളും സംസ്കൃതഗ്രന്ഥങ്ങളും ഹൃദിസ്ഥമാക്കുകയും തമിഴും സംസ്കൃതവും പഠിക്കുകയും ഇപ്രകാരം ഭാരതത്തിന്റെ പുരാതനമായ ജ്ഞാനസമ്പത്തിനെ തന്റെ ഹൃദയത്തിൽ നിറഞ്ഞിരുന്ന ക്രിസ്തീയ ദൈവവിജ്ഞാനവുമായി ബന്ധിപ്പിക്കുവാൻ അദ്ദേഹം പരിശ്രമിക്കുകയും ചെയ്തു. ഇതിനുവേണ്ടി അദ്ദേഹം 1829 മുതൽ 1870 വരെയുള്ള 40 കൊല്ലത്തെ തന്റെ അനുഭവങ്ങൾ ഭാവിതലമുറയ്ക്കുവേണ്ടി രേഖപ്പെടുത്തി. "നാളാഗമങ്ങൾ" എന്നറിയപ്പെടുന്ന രേഖ 1829 മുതൽ 1870 വരെയുള്ള കേരളത്തിന്റെ ആധികാരികമായ ചരിത്രം തന്നെയാണ്.

---

1987 ഡിസംബർ 20-ന് ചാവറസ്മാരക സ്റ്റാമ്പ് പ്രകാശനംചെയ്ത വേളയിൽ ചെയ്ത പ്രസംഗത്തിൽ നിന്ന്.